07
2021
ഓഗസ്റ്റ്
ശനി
1196
കർക്കിടകം 22

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 133 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-133 പേജ് 4. വില 2.00 രൂപ




02 കലാസമൂഹത്തിന് ഉണർവേകാൻ 'മഴമിഴി' മെഗാ സ്ട്രീമിങ് 28 മുതൽ
03 വ്യാപാരസ്ഥാപനങ്ങളിൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തും
04 ഇന്ത്യ ചൈന സേനകൾ പിന്മാറി

# മുതലപ്പൊഴിയിലെ കാണാക്കയങ്ങൾ



വിദ്യാകിരണം പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു



## അസംബ്ലി കോക്ക്ടെയിൽ

**യേശുദാസ് വില്യം**

കേരള തീരത്തെ പ്രശ്നങ്ങൾ പതിനഞ്ചാം നിയമസഭയുടെ രണ്ടാം സമ്മേളനത്തിലും നിറഞ്ഞു നിൽക്കുന്നു.മൽസ്യവിപണനം നടത്തുന്ന സ്ത്രീയുടെ രോദനം കേട്ടതിന്റെ മാറ്റൊലി അന്തരീക്ഷത്തിൽ നിൽക്കുമ്പോഴാണ് മുതലപ്പൊഴിയുടെ മരണക്കയങ്ങൾ സഭയിലുയർന്നത്.വിഷയം ഉന്നയിച്ചത് തലസ്ഥാനത്തെ കോൺഗ്രസിന്റെ ഏക പ്രതിനിധിയായ എം.വിൻസെന്റ്. മുതലപ്പൊഴിക്കു പുറമെ വിഴിഞ്ഞവും,കാസർകോടുമെല്ലാം തീരം നേരിടുന്ന ഗുരുതര പ്രതിസന്ധിയുടെ വ്യാപ്തി വിൻസെന്റ് വ്യക്തമാക്കി.എന്നാൽ മുതലപ്പൊഴി വരുത്തിവെച്ച ദുരന്തം ജീവനെടുത്തത് അറുപത് മൽസ്യത്തൊഴിലാളികളുടേതാണ്. ഓരോമാസവും മൽസ്യത്തൊഴിലാളികൾ മരിക്കുന്നു.മറ്റുവഴിയില്ലാത്തതുകൊണ്ടാണ് പിന്നെയും കടൽപണിക്കായി പോകുന്നതെന്നും വിൻസെന്റ് ചൂണ്ടിക്കാട്ടി.വിഴിഞ്ഞത്ത് ഡ്രെഡ്ജിംഗ് നടത്താത്തതുകൊണ്ടാണ് അപകടം. അദാനി രണ്ടിടത്തും ഡ്രെഡ്ജിംഗ് നടത്താമെന്ന് ഏറ്റിട്ടുണ്ടെന്നു മന്ത്രി പറഞ്ഞു.





മുതലപ്പൊഴിയുടെ നിർമ്മിതിയിലെ അപാകത കണ്ടെത്തിയതാണന്നും അതു പരിഹരിച്ചിരിക്കുമെന്നും മന്ത്രി ഉറപ്പുകൊടുത്തു.പക്ഷേ മരണ നിരക്ക് തെറ്റാണന്നും മന്ത്രി സജി ചെറിയാൻ മറുപടിയിൽ പറഞ്ഞു.മരിച്ചത് 16 പേർ മാത്രമാണന്നും മന്ത്രി ചൂണ്ടിക്കാട്ടി.എന്നാൽ ഫിഷറീസ് വകുപ്പ് നൽകിയ വിവരമനുസരിച്ച് 60 പേർമരിച്ചെന്നും പ്രതിപക്ഷനേതാവ് വെല്ലുവിളി ഉയർത്തി.കേരളത്തിന്റെ സൈന്യമെന്നു മുഖ്യമന്ത്രി വിശേഷിപ്പിച്ച മൽസ്യത്തൊഴിലാളികളുടെ പ്രശ്നം സഭ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നും വിൻസെന്റ് പറഞ്ഞു.രണ്ടായിരത്തി പതിനെട്ടിലെ പ്രളയത്തിൽ മൽസ്യത്തൊഴിലാളികൾ ഇല്ലായിരുന്നുവെങ്കിൽ മൃതശരീരങ്ങൾ ഒഴുകി നടക്കുമായിരുന്നില്ലേയെന്ന് വിൻസന്റ് ചോദിച്ചു.ചേർത്തുനിർത്തും എന്നു പറഞ്ഞ സർക്കാരാണോ മൽസ്യത്തൊഴിലാളികളുടെ സങ്കടം കാണുവാൻ കഴിയാത്തത്.





വി.ഡി സതീശൻ കാര്യങ്ങൾ പഠിച്ച് കണക്കുകൾ നിരത്തിയാണ് നിർദ്ദേശങ്ങൾ വെച്ചത്. മുതലപ്പൊഴിയിൽ കടലിന്റെ സ്വാഭാവികമായ ഒഴുക്ക് തടസ്സപ്പെട്ടിരിക്കുന്നു.അതുകൊണ്ട് മണൽനീക്കത്തിന് പോണ്ടിച്ചേരി മാതൃകയിൽ പൈപ്പ് സ്ഥാപിച്ച് സ്ഥിരം സംവിധാനം വേണം. ഡ്രെഡ്ജിംഗ് വേണം,രക്ഷാ ദൗത്യത്തിന് സ്ഥിരം സംവിധാനം.ഇതെല്ലാം നടപ്പിലാക്കിയാലും ആസന്നമായ ദുരന്തത്തെ തടയുവാനാകുമോയെന്ന സംശയവും ഭീതിയോടെ സതീശൻ സഭയിൽ വെളിപ്പെടുത്തി.അഞ്ചുതെങ്ങ് മേഖലയിൽ കടൽ കയറുകയാണ് ഇതുപോലെയാണെങ്കിൽ തീരം മുഴുവൻ കടൽ വിഴുങ്ങുവാൻ അധികനാൾ വേണ്ടി വരില്ല.അഞ്ചുതെങ്ങ് കായലും കടലുമായുള്ള ദൈർഘ്യം അറുന്നൂറ് മീറ്ററിലും താഴെയാണ്.കടൽ ഭാവിയിൽ കായലുമായി ചേരുമെന്നാണ് സതീശൻ കാണുന്നത്.അങ്ങിനെയാണെങ്കിൽ ചരിത്ര പ്രസിദ്ധമായ അഞ്ചുതെങ്ങ് കോട്ടയും വിസ്മൃതിയിലാകും.പക്ഷേ മന്ത്രി സജീ ചെറിയാന് മുതലപ്പൊഴിയുടെ ദുരന്തചിത്രം മാറ്റിയെഴുതാനാവുമെന്ന് ഉറപ്പുണ്ട്.എന്നാൽ ഇതൊക്കെ പറയുന്ന യുഡിഎഫിനും പ്രശ്നത്തിൽ നിന്നു കൈകഴുകാനാവില്ലന്ന് അഞ്ചുതെങ്ങ് ഉൾപ്പെടുന്ന ചിറയൻകീഴ് മണ്ഡലത്തിലെ പ്രതിനിധി വി.ശശി ചൂണ്ടിക്കാട്ടി.

കടലും തീരവും അറിയാത്തവരല്ല ഞങ്ങൾ ഈ അഞ്ചുകൊല്ലം കൊണ്ട് തീരദേശത്തിന്റെ കണ്ണീർ തുടക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ച പാക്കേജുകൾ ഓർമിപ്പിച്ചുകൊണ്ട് സജി ചെറിയാൻ അവസാനിപ്പിച്ചപ്പോൾ തിരയടങ്ങിയ കടലുപോലെയായി സഭാന്തരീക്ഷം.

# 'വിവാഹത്തിനും വിവാഹമോചനത്തിനും മതേതരമായ ഏകീകൃത നിയമം കൊണ്ടുവരണം'




കൊച്ചി : രാജ്യത്തെ വൈവാഹിക നിയമങ്ങൾ പൊളിച്ചെഴുതേണ്ട സമയമായെന്ന് ഹൈക്കോടതി. വിവാഹത്തിനും വിവാഹമോചനത്തിനും വ്യക്തിനിയമത്തിനു പകരം മതേതരമായ ഏകീകൃത നിയമം കൊണ്ടുവരണം.

ഏകീകൃത നിയമമെന്നത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും ജസ്റ്റിസ് മുഹമ്മദ് മുസ്താഖ്, ജസ്റ്റിസ് കൗസർ എടപ്പഗത്ത് എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ച് നിരീക്ഷിച്ചു.

കോഴിക്കോട് സ്വദേശിയും റിയൽ എസ്റ്റേറ്റ് ഇടപാടുകാരനുമായ യുവാവിന്റെ ഭാര്യയുടെ അഭ്യർഥനയിൽ വിവാഹമോചനം അനുവദിച്ച കോടതി, ഉത്തരവിനെതിരെ സമർപ്പിച്ച അപ്പീൽ തള്ളിക്കൊണ്ടുള്ള ഉത്തരവിലാണ് പരാമർശം നടത്തിയത്. പങ്കാളിയുടെ സമ്മതമില്ലാതെ ബലമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നത് വിവാഹമോചനത്തിനു കാരണമായി കണക്കാക്കാം എന്നു നിരീക്ഷിച്ച കോടതി, ഭാര്യയുടെ ശരീരം തന്റേതാണ് എന്ന ചിന്തയിൽ അതിക്രമം നടത്തുന്നതിനോടു കടുത്ത എതിർപ്പും വ്യക്തമാക്കി. വൈവാഹിക പീഡനങ്ങൾ വ്യക്തി സ്വാതന്ത്ര്യത്തിന്മേലും സ്വകാര്യതയുടെ മേലുമുള്ള കടന്നു കയറ്റമാണ്. ഇങ്ങനെ അനുഭവിക്കേണ്ടി വരുന്നവർക്കു വിവാഹമോചനം നിഷേധിക്കാനാവില്ലെന്നും കോടതി വ്യക്തമാക്കി.

# കിരൺ കുമാറിനെ സർവീസിൽ നിന്ന് പിരിച്ചുവിടാൻ തീരുമാനം

ഭർതൃഗൃഹത്തിൽ ദുരൂഹസാഹചര്യത്തിൽ മരണമടഞ്ഞ എസ്.വി. വിസ്മയയുടെ ഭർത്താവും സംസ്ഥാന മോട്ടോർ വാഹന വകുപ്പ് കൊല്ലം റീജണൽ ഓഫീസിലെ അസിസ്റ്റന്റ് മോട്ടർ വെഹിക്കിൾ ഇൻസ്പെക്ടറുമായ എസ്. കിരൺ കുമാറിനെ സർവീസിൽ നിന്ന് പിരിച്ചുവിടാൻ തീരുമാനിച്ചതായി ഗതാഗത മന്ത്രി ആന്റണി രാജു വാർത്താസമ്മേളനത്തിൽ പറഞ്ഞു.

സ്ത്രീ വിരുദ്ധ പ്രവൃത്തിയും സാമൂഹ്യ വിരുദ്ധവും ലിംഗനീതിയ്ക്ക് നിരക്കാത്ത നടപടിയും ഗുരുതരമായ നിയമലംഘനവും പെരുമാറ്റ ദൂഷ്യവും വഴി പൊതുജനങ്ങൾക്കിടയിൽ സർക്കാരിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും അന്തസ്സിനും സൽപ്പേരിനും കളങ്കം വരുത്തിയതിനാൽ 1960 ലെ കേരളാ സിവിൽ സർവീസ് ചട്ടം പ്രകാരമാണ് നടപടി.

കൊല്ലം ശൂരനാട് പോലീസ് ജൂൺ 21 ന് രജിസ്റ്റർ ചെയ്ത ക്രിമിനൽ കേസിൽ കിരൺ കുമാറിന്റെ സ്ത്രീധനത്തെച്ചൊല്ലിയുള്ള നിരന്തരമായ കലഹത്താലും ശാരീരികവും മാനസികവുമായ ഉപദ്രവത്താലുമാണ് വിസ്മയ മരണപ്പെടാനിടയായതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ജീവനക്കാർ സ്ത്രീധനം കൊടുക്കാനും വാങ്ങാനും പാടില്ലെന്ന 1960 ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ 93(ഇ) യുടെ ലംഘനമാണിത്. കിരൺ കുമാറിനെ ജൂൺ 22 ന് അന്വേഷണ വിധേയമായി സർവീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും 45 ദിവസത്തിനകം അന്വേഷണം പൂർത്തിയാക്കണമെന്ന് സർക്കാർ നിർദേശം നൽകുകയും ചെയ്തിരുന്നു.

1960 ലെ കേരളാ സിവിൽ സർവീസ് ചട്ടം 15 പ്രകാരം എസ്. കിരൺ കുമാറിന് നിയമാനുസൃതമായ കുറ്റരോപണ മെമ്മോ നൽകിയിരുന്നു. തുടർന്ന് മോട്ടോർ വാഹന വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥനെ വകുപ്പുതല അന്വേഷണത്തിന് നിയോഗിച്ചു. നിയമാനുസൃത അന്വേഷണത്തിന്റെയും കിരൺ കുമാറിനെ നേരിട്ട് കേട്ടതിന്റെയും, സാക്ഷി മൊഴികളുടെയും അടിസ്ഥാനത്തിൽ 1960 ലെ കേരള സിവിൽ സർവീസ് ചട്ടം 11(1)(ശശശ) പ്രകാരമാണ് സർവീസിൽ നിന്നും പിരിച്ചു വിടാൻ തീരുമാനിച്ചതെന്ന് മന്ത്രി പറഞ്ഞു.

കേരളചരിത്രത്തിൽ ആദ്യമായാണ് സ്ത്രീധന പീഡനത്തെത്തുടർന്ന് ഭാര്യ മരണമടഞ്ഞ കാരണത്താൽ ഭർത്താവിനെ സർക്കാർ സർവീസിൽ നിന്നും പിരിച്ച് വിടുന്നത്.

സ്ത്രീധന പീഡനത്തിനെതിരെ ശക്തമായ നടപടി എടുക്കുമെന്നും സ്ത്രീ സുരക്ഷയും ലിംഗനീതിയും ഉയർത്തിപ്പിടിക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിലും പൊതുസമൂഹത്തിനും നൽകിയ ഉറപ്പ് പാലിക്കുന്ന നടപടിയാണ് കൈക്കൊണ്ടതെന്നും മന്ത്രി പറഞ്ഞു.

ആഗസ്റ്റ് 7 രാവിലെ 11 ന് ഗതാഗത മന്ത്രി കൊല്ലത്തെ നിലമേലുള്ള വിസ്മയയുടെ വീട്ടിലെത്തി കുടുംബാംഗങ്ങളെ സന്ദർശിക്കും.

# മുതലപ്പൊഴിയിൽ സംഭവിക്കുന്നത്

**പി സ്റ്റെല്ലസ്**

തിരുവനന്തപുരം. പെരുമാതുറ താഴം പള്ളി പൊഴിമുഖത്ത് അടിക്കടിയുണ്ടാകുന്ന അപകടവും, അപകട മരണവും തുടർച്ചയായി ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നത് അഴിമുഖത്ത് മണ്ണ് അടിയുന്നതു കൊണ്ടാണ് മത്സ്യത്തൊഴിലാളികളുടെ മരണത്തിനിടയാക്കിയ സാഹചര്യങ്ങളുമാണന്ന് ഇത്തരത്തിൽ ഫിഷറീസ് മന്ത്രിയും ,ഉദ്യോഗസ്ഥരും ശാസ്ത്രീമായി കണ്ടെത്തിയിരിക്കുന്നത്, ഇത് അശാസ്ത്രീയമായ കണ്ടെത്തലാണ് കഴിഞ്ഞ യു, ഡി എഫ് സർക്കാരിന്റെ കാലത്ത് തുടർച്ചയായി ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നതു കൊണ്ട് അന്ന് മത്സ്യത്തൊഴിലാളികൾ നിരന്തരം ആവശ്യപ്പെട്ടതിന്റെ ഭാഗമായി തിരമാല അടിക്കുന്ന അഴിമുഖത്ത് നിന്ന് 200 മീറ്റർ നീളവും, 100 മീറ്റർ വീതിയും, ആഴവും കൂട്ടാൻ വേണ്ടിയും, പാറയെടുത്തു മാറ്റാനും 14 കോടി രുപക്ക് ടെന്റ്റർ കൊടുത്തിരുന്നു




എന്നാൽ നാളുതുവരെ മുഴുവൻ പാറയും എടുത്തു മാറ്റിട്ടില്ലാന്ന് പൊഴിമുഖത്ത് ഇപ്പോഴും 5 മീറ്റർ ആഴത്തിൽ കിടക്കുന്ന പാറ 2 മീറ്റർ മാത്രമേ മാറ്റിട്ടുള്ളു തിരമാല വന്നു അടിക്കുന്ന ഭാഗത്ത് പാറ കുന്നുകൂടി കിടക്കുന്നതിനാൽ കടൽ ഉള്ള് വലിയുമ്പോഴും, കായൽ കരവലിയുമ്പോഴും മത്സ്യ ബന്ധനത്തിന് പോകുമ്പോഴും, മത്സ്യ ബന്ധനം കഴിഞ്ഞ് തീരത്തോട് അടുക്കുമ്പോഴുമാണ് പാറയിൽ ഇടിച്ചാണ് ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതന്ന് മത്സ്യത്തൊഴിലാളികൾ ചൂണ്ടി കാണിക്കുന്നു.

എല്ലാ വർഷവും ഏപ്രിൽ മെയ് മാസങ്ങളിൽ ഡ്രെജിംഗ് നടത്തുമെന്നും പൊഴിമുഖത്ത് 5 മീറ്ററും ഹാർബർ ബെയ്സിനുകളിൽ 3 മീറ്റർ ആഴവും സെപ്റ്റംബർ 15 മുതൽ അദാനി കമ്പനി നില നിർത്തുമെന്നാണ് മന്ത്രിയുടെ പ്രഖ്യാപനം, 20/7/2021 ബൽ മന്ത്രി മുതലപ്പൊഴി സന്ദർശിച്ചിട്ട് അഴിമുഖത്ത് മണ്ണ് അടിഞ്ഞതുകൊണ്ടാണ് അപകടവും, മരണങ്ങളും സംഭവിക്കുന്നത് മന്ത്രിയുടെ കണ്ടെത്തൽ ,ഇത് പരിഹരിക്കാൻ അദാനി ഗ്രൂപ്പിന് ടെന്റ്റർ കൊടുക്കാനും ഉത്തരവായി കോടികളിലൂടെ വൻ അഴിമതിക്ക് വഴിതെളിക്കുകയും ഇത് ശാസ്ത്രിയമല്ലന്നും കഴിഞ്ഞ ദിവസം മുതലപ്പൊഴിയിൽ ബോട്ടും, ഫൈബർ വള്ളവും അപകടമുണ്ടാകാനുള്ള പ്രധാന കാരണം വീതി ഇല്ലാത്തതിനാലും, മുഴുവൻ പാറയും എടുത്തു മാറ്റാത്തതുീ കൊണ്ടാണ് ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നത്.

അപകടങ്ങൾ ആവർത്തിക്കപ്പെടുമ്പോഴും മത്സ്യത്തൊഴിലാളികൾ പ്രതിഷേധിക്കുമ്പോഴും പൊലീസ് ഉദ്യോഗസ്ഥരും ,ഫിഷറീസ് വകുപ്പും, മന്ത്രിയും പ്രശ്ന പരിഹാരത്തിന് ചർച്ചകളും വാഗ്ദാനങ്ങളിൽ മാത്രം പറഞ്ഞു തീർക്കുന്ന പ്രശ്നങ്ങളല്ല നൂറ്റാണ്ട് കൊണ്ട് മത്സ്യത്തൊഴിലാളികൾ സ്വപനീ കണ്ടതാണ് പരുമാതുറ താഴംപ്പള്ളി മത്സ്യ ബന്ധന ഹാർബർ ഇ തൊരു മരണക്കെണി ഹാർബറാകുമെന്ന് ഇവർ ഒരിക്കലും പ്രതീക്ഷിച്ചിട്ടില്ല 1997 മുതൽ ഈ ഹാർബറിൽ നിന്ന് ദിനം പ്രതി മത്സ്യത്തൊഴിലാളി കുടംബങ്ങൾക്ക് ജീവനുകളുടെയും, മത്സ്യ ബന്ധന യാനങ്ങളുടെയും നഷ്ടത്തിന്റെ കണക്കല്ലാതെ വേറൊന്നും ഈ നേട്ടമായി സമൂഹത്തിന് പറയാനില്ല

ഭരണാധികാരികൾ ഇന്നിയെങ്കിലും അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ ശാസ്ത്രിയമായ രീതിയിൽ മുതലപ്പൊഴി മത്സ്യബന്ധന ഹാർബർ പുതുക്കി രൂപകല്പന ചെയ്യണം.

# വനിതാ ഡോക്ടർക്കെതിരെ നടന്ന ആക്രമണം കുറ്റക്കാർക്കെതിരെ കർശന നടപടിയുണ്ടാകും

തിരുവനന്തപുരം ഫോർട്ട് ഗവർമെന്റ് ആശുപത്രിയിൽ വനിതാ ഡോക്ടർക്കെതിരെ നടന്ന ആക്രമണത്തെ അപലപിച്ച് പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വിശിവൻകുട്ടി. തിരുവനന്തപുരം ഫോർട്ട് ഗവർമെന്റ് ആശുപത്രിയും ആക്രമിക്കപ്പെട്ട വനിതാ ഡോക്ടർ മാലു മുരളി ചികിത്സയിൽ ഉള്ള ജനറൽ ആശുപത്രിയും മന്ത്രി സന്ദർശിച്ചു.സർക്കാർ ഒപ്പമുണ്ടെന്ന് മന്ത്രി ഡോ. മാലു മുരളിക്ക് ഉറപ്പു നൽകി. ദൗർഭാഗ്യകരമായ സംഭവമാണ് ഫോർട്ട് ആശുപത്രിയിൽ ഉണ്ടായതെന്ന് മന്ത്രി പറഞ്ഞു .ഡോക്ടർമാരുടെ സംരക്ഷണം ഉറപ്പാക്കാൻ വേണ്ടതെല്ലാം ചെയ്യും .ഇക്കാര്യത്തിൽ പൊതുസമൂഹത്തിന്റെ പിന്തുണയുമുണ്ടാവണം.കുറ്റക്കാർക്കെതിരെ കർശന നടപടി ഉണ്ടാകുമെന്ന് വ്യക്തമാക്കിയ മന്ത്രി രാത്രികാലങ്ങളിൽ ആശുപത്രി പരിസരത്ത് കൂടുതൽ സുരക്ഷയൊരുക്കാൻ നടപടി സ്വീകരിക്കുമെന്നും പറഞ്ഞു.



മഴമിഴി മൾട്ടിമീഡിയ മെഗാ സ്ട്രീമിങ് പദ്ധതിയുടെ ലോഗോയും രൂപരേഖയും സാംസ്കാരിക മന്ത്രി സജി ചെറിയാൻ പ്രകാശനം ചെയ്യുന്നു

# കലാസമൂഹത്തിന് ഉണർവേകാൻ 'മഴമിഴി' മെഗാ സ്ട്രീമിങ് 28 മുതൽ

കലാസമൂഹത്തിന് നവമാധ്യമത്തിലൂടെ വേദി ഒരുക്കാനും സാമ്പത്തിക സഹായം നൽകാനുമായി സംഘടിപ്പിക്കുന്ന 'മഴമിഴി' മൾട്ടി മീഡിയ മെഗാ സ്ട്രീമിങ് പദ്ധതിയുടെ ലോഗോയുടെയും രൂപരേഖയുടെയും പ്രകാശനം സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ നിർവഹിച്ചു. ചടങ്ങിൽ, രൂപരേഖ സാംസ്കാരിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജിനു നൽകിയും ലോഗോ ഗായികയും എം.എൽ.എയുമായ ദലീമയ്ക്ക് നൽകിയുമാണ് പ്രകാശനം ചെയ്തത്.

ഭാരത് ഭവൻ മെമ്പർ സെക്രട്ടറിയും ഫെസ്റ്റിവൽ ജനറൽ കൺവീനറുമായ പ്രമോദ് പയ്യന്നൂർ, മോണിറ്ററിങ് കമ്മിറ്റി അംഗങ്ങളായ മനു സി. പുളിക്കൽ, സാംസ്കാരിക വകുപ്പ് ഡയറക്ടർ മുഹമ്മദ് റിയാസ്, കേരള ലളിതകലാ അക്കാദമി ചെയർമാൻ നേമം പുഷ്പരാജ്, കേരള ചലച്ചിത്ര അക്കാദമി സെക്രട്ടറി അജോയ് ചന്ദ്രൻ, ഗുരുഗോപിനാഥ് നടനഗ്രാമം സെക്രട്ടറി സുദർശൻ കുന്നത്തുകാൽ, മുഹമ്മദ് റിജാസ് എന്നിവരും പ്രകാശന ചടങ്ങിൽ പങ്കെടുത്തു. ഗോത്രകലകൾ, നാടൻകലകൾ, അനുഷ്ഠാനകലകൾ, ക്രിസ്തീയ കലാരൂപങ്ങൾ, മാപ്പിളകലാരൂപങ്ങൾ, ക്ഷേത്രകലകൾ, ശാസ്ത്രീയകലകൾ, ശാസ്ത്രീയസംഗീതം, ഉപകരണസംഗീതം, ചിത്രകല, ശില്പകല, ഫോട്ടോഗ്രാഫി, ഇതര ജനകീയകലകളായ മാജിക്, സർക്കസ്, സൈക്കിൾ യജ്ഞം എന്നിവയും ട്രാൻസ്ജെൻഡേഴ്സ്, ഭിന്നശേഷിക്കാർ, അന്ധഗായക സംഘം, കരുണാലയങ്ങളിലെ കലാസംഘങ്ങൾ എന്നിവർക്ക് അർഹമായ പ്രാതിനിധ്യം നൽകി, 3500 ഓളം കലാപ്രതിഭകളെ പങ്കെടുപ്പിച്ച് കൊണ്ടാണ് 'മഴമിഴി' സംഘടിപ്പിക്കുന്നത്.

നാടകം, കഥാപ്രസംഗം, ഗാനമേള എന്നീ കലാരൂപങ്ങളും ഇതിന്റെ തുടർച്ചയായി ലോകമലയാളികളിലേക്കെത്തും. ആഗസ്റ്റ് 28 മുതൽ നവംബർ ഒന്ന് കേരളപ്പിറവി ദിനം വരെ 65 ദിനങ്ങളിലൂടെ കടന്നുപോകുന്ന ഇന്ത്യയിലെ ആദ്യ മെഗാ സ്ട്രീമിങ് സാംസ്കാരിക വിരുന്നായ 'മഴമിഴി' രാത്രി ഏഴു മുതൽ ഒമ്പതുവരെയാണ് ലോക മലയാളികളിലേക്ക് നവമാധ്യമത്തിന്റെ സാധ്യതകളിലൂടെ എത്തിക്കുന്നത്. സാംസ്കാരിക വകുപ്പ്, സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള ഫോക് ലോർ അക്കാദമി, കേരള സംഗീതനാടക അക്കാദമി, കേരള ലളിതകലാ അക്കാദമി, ഗുരുഗോപിനാഥ് നടനഗ്രാമം എന്നീ സ്ഥാപനങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവനാണ് 'മഴമിഴി' ഒരുക്കുന്നത്.

## യുവാക്കളിൽ കാർഷിക സംസ്ക്കാരം രൂപപ്പെടുത്താൻ പുനർജ്ജനി

'സുഭിക്ഷകേരളം' പദ്ധതിയുടെ സഹകരണത്തോടെ യുവാക്കളിൽ വേറിട്ട കാർഷിക സംസ്ക്കാരം രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കൈറ്റ്സ് ഫൗണ്ടേഷൻ നടപ്പിലാക്കുന്ന 'പുനർജ്ജനി' പദ്ധതിക്ക് ജില്ലയിൽ തുടക്കമായി. ജില്ലാതല ഉദ്ഘാടനം കലക്ട്രേറ്റ് അങ്കണത്തിൽ അസിസ്റ്റന്റ് കലക്ടർ ഡോ.അരുൺ എസ്. നായർ നിർവഹിച്ചു.യുവസമൂഹത്തെ കൃഷിയിലേക്ക് ആകർഷിക്കാനും, കാർഷികസമൃദ്ധമായ ഭാവി കേരളത്തെ വാർത്തെടുക്കുന്നതിന് 'പുനർജ്ജനി' പോലെയുള്ള പദ്ധതികൾ ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. കൈറ്റ്സ് ഫൗണ്ടേഷൻ ഡയറക്ടർ ബോർഡ് അംഗവും ജില്ലാ കോർഡിനേറ്ററുമായ ആർ.ലക്ഷ്മി അധ്യക്ഷയായി.

കാർഷിക വെബിനാറുകൾ, കലാമത്സരങ്ങൾ, മികച്ച യുവകർഷകർക്ക് അവാർഡുകൾ എന്നിങ്ങനെ രണ്ടു മാസക്കാലം നീണ്ടുനിൽക്കുന്ന വ്യത്യസ്ത പരിപാടികൾ കൈറ്റ്സ് ഫൗണ്ടേഷൻ ജില്ലയിൽ നടത്തും. ഹരിത കേരളം മിഷൻ ജില്ലാ കോ ഓർഡിനേറ്റർ എസ്.ഐസക്ക് വിത്തുകളുടെ വിതരണം നിർവഹിച്ചു. എസ്.ഷഹനറാണി, സന്ദീപ്, എൻ. സൂഫിയ, അജ്മൽ ഹുസൈൻ, തുടങ്ങിയവർ പങ്കെടുത്തു

# ചെത്തുതൊഴിലാളികൾ ഇന്ന് അവകാശദിനമായി ആചരിക്കുന്നു

ആലപ്പുഴ: കേരളാ സ്റ്റേറ്റ് ചെത്തുതൊഴിലാളി ഫെഡറേഷൻ (എഐടിയുസി) സംസ്ഥാന സർക്കാരിനു നൽകിയ മെമ്മോറാണ്ടത്തിലെ ആവശ്യങ്ങൾ അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ഇന്ന് അവകാശദിനമായി ആചരിക്കും. തൊഴിലാളികൾ ബാഡ്ജ് ധരിച്ചു കൊണ്ടാണ് ദിനാചരണത്തിൽ പങ്കാളികളാവുക.

കേരളത്തിലെ കള്ള് ചെത്തു വ്യവസായം ഇന്നു ഗുരുതരമായ പ്രതിസന്ധിയിലാണ്. അയ്യായിരത്തി ഇരുന്നൂറോളം വരുന്ന കള്ള് ഷാപ്പുകളിൽ നാലായിരത്തിൽ താഴെ ഷാപ്പുകൾ മാത്രമേ നിലവിൽ പ്രവർത്തിക്കുന്നുള്ളൂ. ഒരു കാലത്ത് പ്രത്യക്ഷമായും പരോക്ഷമായും ഒരു ലക്ഷത്തോളം തൊഴിലാളികൾ ജോലി ചെയ്തിരുന്ന ഈ മേഖലയിൽ ഇപ്പോൾ കേവലം ഇരുപത്തി അയ്യായിരത്തിൽ താഴെ തൊഴിലാളികളേ ജോലി ചെയ്യുന്നുള്ളൂ. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ നാമമാത്രമായ ഷാപ്പുകളാണ് പ്രവർത്തിക്കുന്നത്. തൃശൂർ അടക്കമുള്ള മറ്റു പല ജില്ലകളിലും വ്യവസായം തകർച്ചയിലാണ്.

കള്ള് വ്യവസായത്തിന്റെ സമഗ്രമായ വളർച്ച അപകടകാരിയും വീര്യം കൂടിയതുമായ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം തടയാൻ ഒരു പരിധി വരെ സഹായിക്കും. കേരളത്തിൽ ആവശ്യത്തിന് കള്ള് ഉല്പാദിപ്പിക്കാൻ സാധിക്കുന്നില്ല. തെങ്ങ് കൃഷി വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

ടോഡി ബോർഡ് എത്രയും വേഗം നടപ്പിലാക്കുക. കള്ള് വ്യവസായം പൊതുമേഖലയിൽ കൊണ്ടു വരിക, കള്ള് ഷാപ്പുകളുടെ ദൂരപരിധി ഒഴിവാക്കുക, ബാറുകളുടെ എണ്ണം നിയന്ത്രിക്കുക. പുതിയ ബാറുകൾ അനുവദിക്കരുത്, ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടോഡി പാർലറുകൾ ആരംഭിക്കുക, കള്ള് വ്യവസായത്തിൽ വൈവിധ്യവൽക്കരണം നടപ്പാക്കുക. ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിക്കുക, കള്ള് വ്യവസായത്തിന് മാത്രം ബാധകമായ ഒരു നിയമം ടോഡി ആക്ട് നടപ്പിലാക്കുക തുടങ്ങിയ ആവശ്യങ്ങളാണ് ചെത്തുതൊഴിലാളി ഫെഡറേഷൻ മുന്നോട്ടു വയ്ക്കുന്നതെന്ന് ഫെഡറേഷൻ ജനറൽ സെക്രട്ടറി ടി എൻ രമേശൻ പറഞ്ഞു.

# എല്ലാ വീടുകളിലും തടസ്സമില്ലാതെ വൈദ്യുതി വിതരണം

ന്യൂഡൽഹി: 2019 ഏപ്രിൽ 1 മുതൽ എല്ലാ കുടുംബങ്ങൾക്കും വ്യവസായവാണിജ്യ ഉപഭോക്താക്കൾക്കും 24:7 വൈദ്യുതി വിതരണവും കാർഷിക ഉപഭോക്താക്കൾക്ക് മതിയായ വൈദ്യുതി വിതരണവും ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് സംസ്ഥാനകേന്ദ്രഭരണ പ്രദേശങ്ങൾ കേന്ദ്ര സർക്കാരുമായി ധാരണാപത്രങ്ങൾ ഒപ്പിട്ടു. ദീൻ ദയാൽ ഉപാധ്യായ ഗ്രാമജ്യോതി യോജന (ഉഉഡഏഖമ), ഇന്റഗ്രേറ്റഡ് പവർ ഡിസ്ട്രിബ്യൂഷൻ സ്കീം (കജഉട), ഉജ്ജ്വൽ ഡിസ്കോം അഷ്വറൻസ് യോജന (ഡഉഅഥ) എന്നിവയുൾപ്പെടെ വിവിധ പദ്ധതികളിലൂടെയാണ് കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് സഹായം ഉറപ്പുവരുത്തുന്നത്. 31.03.2019 ന് മുമ്പ് വൈദ്യുതീകരിക്കാത്തതായി തിരിച്ചറിഞ്ഞ വീടുകളുടെ, സൗഭാഗ്യ പദ്ധതി പ്രകാരമുള്ള 100% വൈദ്യുതീകരണം 31.03.2021 ഓടെ പൂർത്തിയായതായി സംസ്ഥാനങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സൗഭാഗ്യ ആരംഭിച്ചതിനുശേഷം സംസ്ഥാനങ്ങൾ റിപ്പോർട്ട് ചെയ്തതുപ്രകാരം 31.03.2021 വരെ 2.817 കോടി വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. മുമ്പ് അനുവദിച്ച തുകയുടെ ഉപയോഗവും നിശ്ചിത വ്യവസ്ഥകൾ നിറവേറ്റുന്നതും അടിസ്ഥാനമാക്കിയാണ് ഉഉഡഏഖമ, സൗഭാഗ്യ, കജഉട പദ്ധതികൾ പ്രകാരമുള്ള ഫണ്ടുകൾ അനുവദിക്കുന്നത്. ഉഉഡഏഖമ, സൗഭാഗ്യ, കജഉട പദ്ധതികൾ പ്രകാരം യഥാക്രമം 27,327 കോടി രൂപയും, 3,868 കോടി രൂപയും,15,902 കോടി രൂപയും കഴിഞ്ഞ മൂന്ന് വർഷങ്ങളിലും നടപ്പ് വർഷത്തിലുമായി (30.06.2021 വരെ) സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്തു. സ്വതന്ത്ര സർവേകൾ അനുസരിച്ച്, ഗ്രാമീണ മേഖലകളിൽ വൈദ്യുതി ലഭ്യത 201516 ൽ ശരാശരി 12 മണിക്കൂർ ആയിരുന്നത് 2020 ൽ 20.50 മണിക്കൂറായി ഉയർന്നു. നഗരപ്രദേശങ്ങളിൽ വൈദ്യുതി ലഭ്യത 22.23 മണിക്കൂറായി ഉയർന്നിട്ടുണ്ട്.

ഇന്ന് ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ കേന്ദ്ര ഊർജ്ജ മന്ത്രി ശ്രീ ആർ കെ സിംഗ് വ്യക്തമാക്കിയതാണ് ഇക്കാര്യങ്ങൾ.

## ജൂനിയർ ലാബ് അസിസ്റ്റന്റ് ഒഴിവ്

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ജൂനിയർ ലാബ് അസിസ്റ്റന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. ഒരു ഒഴിവുണ്ട്.

പ്രായം 36 വയസിൽ താഴെയായിരിക്കണം. പ്ലസ്ടുവും ഒരു വർഷത്തെ പ്രവൃത്തി പരിചയവും ഉണ്ടാവണം. രാത്രിയും പകലും ഡ്യൂട്ടി ഉണ്ടാവും. തിരുവനന്തപുരം ജില്ലയിലുള്ളവർക്ക് മുൻഗണന.

20,065 രൂപയാണ് വേതനം. പ്രോജക്റ്റ് അവസാനിക്കുന്നതുവരെയോ ഒരു വർഷത്തേക്കോ ആയിരിക്കും നിയമനം. അപേക്ഷ, സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ബയോഡേറ്റ എന്നിവ സഹിതം 11ന് വൈകിട്ട് മൂന്നിനകം മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് ലഭിക്കണം.

## സ്ക്വാഡ് പരിശോധന; 19 സ്ഥാപനങ്ങൾക്ക് പിഴ

കോവിഡ് മാനദണ്ഡ ലംഘനങ്ങൾ കണ്ടെത്തുന്നതിനായി ജില്ലാ കലക്ടർ ബി. അബ്ദുൽ നാസറിന്റെ നിർദ്ദേശപ്രകാരം നടത്തുന്ന താലൂക്കുതല സ്ക്വാഡ് പരിശോധനയിൽ 19 സ്ഥാപനങ്ങൾക്ക് പിഴ ചുമത്തി.

കൊട്ടാരക്കരയിലെ ചടയമംഗലം, ചിതറ, ഇളമാട്, കരീപ്ര, ഇട്ടിവ, കുളക്കട, കുമ്മിൾ, മൈലം, നെടുവത്തൂർ, നിലമേൽ, പൂയപ്പള്ളി, വെളിയം, വെളിനല്ലൂർ, വെട്ടിക്കവല ഭാഗങ്ങളിൽ നടത്തിയ പരിശോധനയിൽ 11 കേസുകൾക്ക് പിഴ ഈടാക്കുകയും 170 എണ്ണത്തിന് താക്കീത് നൽകുകയും ചെയ്തു.

കൊല്ലത്തെ ചാത്തന്നൂർ, പൂതക്കുളം, കല്ലുവാതുക്കൽ, പനയം, കൊല്ലം കോർപ്പറേഷൻ, ഇളമ്പള്ളൂർ, പേരയം, പെരിനാട്, പരവൂർ എന്നിവിടങ്ങളിൽ സെക്ടറൽ മജിസ്ട്രേറ്റുമാരുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ ആറു കേസുകളിൽ പിഴയീടാക്കി. 17 സ്ഥാപനങ്ങൾക്ക് താക്കീത് നൽകി.

കുന്നത്തൂരിലെ വിവിധ പ്രദേശങ്ങളിൽ നടത്തിയ പരിശോധനയിൽ 46 കേസുകൾക്ക് താക്കീത് നൽകുകയും രണ്ടു കേസുകൾക്ക് പിഴ ഈടാക്കി.

.പത്തനാപുരത്തെ പിടവൂർ, പട്ടാഴി, പട്ടാഴി വടക്കേക്കര പ്രദേശങ്ങളിൽ നടത്തിയ പരിശോധനയിൽ 13 കേസുകൾക്ക് താക്കീത് നൽകി. ഡെപ്യൂട്ടി തഹസീൽദാർ ബിജു നേതൃത്വം നൽകി.

ആലപ്പാട്, ക്ലാപ്പന, ചവറ, കെ.എസ്.പുരം, നീണ്ടകര, ഓച്ചിറ, പ ന, തഴവ, തെക്കുംഭാഗം, തേവലക്കര, തൊടിയൂർ മേഖലകളിൽ നടത്തിയ പരിശോധനയിൽ 56 കേസുകൾക്ക് താക്കീത് നൽകി.

പുനലൂരിലെ കരവാളൂർ, ആയിരനല്ലൂർ, ഏരൂർ, തിങ്കൾകരിക്കകം, കുളത്തൂപ്പുഴ എന്നിവിടങ്ങളിൽ ഡെപ്യൂട്ടി തഹസീൽദാർ വിജയലക്ഷ്മിയുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ 15 സ്ഥാപനങ്ങൾക്ക് താക്കീത് നൽകി.

## കിക്മ ആർട്സ് ആന്റ് സയൻസ് കോളേജ് ഇനി ആർ. പരമേശ്വരപിള്ള മെമ്മോറിയൽ ആർട്സ് ആന്റ് സയൻസ് കോളേജ്

സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിൽ നെയ്യാർഡാമിൽ പ്രവർത്തിക്കുന്ന കിക്മ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ പേര് ആർ. പരമേശ്വരപിള്ള മെമ്മോറിയൽ ആർട്സ് ആന്റ് സയൻസ് കോളേജ് എന്ന് പുനർനാമകരണം ചെയ്തു. പ്രമുഖ സഹകാരിയും എം.എൽ.എയും പൊതു പ്രവർത്തകനുമായിരുന്ന ആർ. പരമേശ്വരപിള്ള സംസ്ഥാന സഹകരണ യൂണിയന്റെ മുൻ ചെയർമാനുമായിരുന്നു. അദ്ദേഹത്തിന്റെ സ്മരണ നിലനിർത്താനാണ് കോളേജിന് പേരു മാറ്റിയതെന്ന് സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ കോലിയക്കോട് എൻ. കൃഷ്ണൻ നായർ അറിയിച്ചു.

# വ്യോമയാന മേഖലയുടെ പുരോഗതിക്കായി നിരവധി ഹൈടെക് നടപടികൾ

2018 ഓഗസ്റ്റിൽ വ്യോമയാന മന്ത്രാലയം പുറത്തിറക്കിയ ഡിജി യാത്ര നയത്തിലൂടെ വിമാനത്താവളങ്ങളിൽ ടെർമിനലിന്റെ പ്രവേശന കവാടം മുതൽ ബോർഡിംഗ് പോയിന്റ് വരെ സമ്പർക്കരഹിതവും പേപ്പർ രഹിതവുമായി യാത്രക്കാരുമായുള്ള ഇടപെടൽ ലക്ഷ്യമിടുന്നു.

ആറ് വിമാനത്താവളങ്ങളിൽ ഫേഷ്യൽ റെക്കഗ്നിഷൻ ടെക്നോളജി ഉപയോഗിച്ച് ബയോമെട്രിക് ബോർഡിംഗ് സംവിധാനം നടപ്പിലാക്കുന്നതിനായുള്ള ജോലികൾ ഏല്പിച്ചിരിക്കുകയാണ്. പദ്ധതി പരീക്ഷണ ഘട്ടത്തിലാണ്. വിജയകരമായി പൂർത്തിയാകുമ്പോൾ, ഘട്ടം ഘട്ടമായി രാജ്യത്തെ മറ്റ് വിമാനത്താവളങ്ങളിൽ ഇത് നടപ്പാക്കും.

2) എയർപോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ അടുത്ത 45 വർഷത്തിനുള്ളിൽ ഏകദേശം 25,000 കോടി രൂപ നിക്ഷേപിക്കാൻ പദ്ധതിയിടുന്നു. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് നിലവിലുള്ളതും പുതിയതുമായ ടെർമിനലുകളുടെ വിപുലീകരണ/വികസനത്തിനായാണ് ഇത്.

3 എയർ നാവിഗേഷൻ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ ആധുനികവൽക്കരണം

4) ഹ്രസ്വമായ വ്യോമപാതകൾ വികസിപ്പിക്കുന്നതിനും ഇന്ധന ഉപഭോഗം കുറയ്ക്കുന്നതിനും ആധുനിക എയർ ട്രാഫിക് ഫ്ലോ മാനേജ്മെന്റ് സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഇന്ത്യൻ വ്യോമ സേനയുമായി ഏകോപിപ്പിച്ച് റൂട്ട് റാഷണലൈസേഷൻ.

5) എയർ കാർഗോ ടെർമിനലുകളിൽ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ വർധിച്ച ഉപയോഗം പ്രോത്സാഹിപ്പിക്കുന്നു.

6) ഇഗവേണൻസ്

7) ലൈസൻസുള്ള പൈലറ്റുമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി ഫ്ലൈയിംഗ് കേഡറ്റുകൾക്കായി ഉ ഏഇഅ ഓൺലൈൻ 'പരീക്ഷ ഓൺ ഡിമാൻഡ്' ആസൂത്രണം ചെയ്യുന്നു.

കേന്ദ്ര വ്യോമയാന സഹമന്ത്രി ജനറൽ (റിട്ട.) ഡോ. വി. കെ. സിംഗ്, ഇന്ന് ലോക്സഭയിൽ രേഖാമൂലം അറിയിച്ചതാണ് ഇക്കാര്യം.

# കോവിഡ് ചികിത്സാ പ്രോട്ടോകോൾ നാലാം പതിപ്പ് പുറത്തിറക്കി

ശാസ്ത്രീയമായ തെളിവുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കോവിഡ് 19 ചികിത്സാ പ്രോട്ടോകോൾ പുതുക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. ആദ്യ പ്രോട്ടോകോളിന് ശേഷം ഇത് മൂന്നാം തവണയാണ് സംസ്ഥാനത്തെ ചികിത്സാ പ്രോട്ടോകോൾ പുതുക്കുന്നത്. ഓരോ കാലത്തുമുള്ള വൈറസിന്റെ സ്വഭാവവും അതനുസരിച്ചുള്ള വിദഗ്ധ ചികിത്സയും ഉറപ്പാക്കാനാണ് ചികിത്സ പ്രോട്ടോകോൾ പുതുക്കിയിട്ടുള്ളത്. മൂന്നാം തരംഗം കൂടി മുന്നിൽ കണ്ട് മരണനിരക്ക് ഇനിയും കുറയ്ക്കുക എന്ന ലക്ഷ്യം കൂടി ഈ ചികിത്സാ പ്രോട്ടോകോളിനുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

നേരിയത് (മൈൽഡ്), മിതമായത് (മോഡറേറ്റ്), ഗുരുതരമായത് (സിവിയർ) എന്നിങ്ങനെ എ, ബി, സി മൂന്ന് വിഭാഗങ്ങളായി തരംതിരിച്ചാണ് കോവിഡ് രോഗികൾക്ക് വിദഗ്ധ ചികിത്സ ഉറപ്പ് വരുത്തുന്നത്. നേരിയ രോഗ ലക്ഷണങ്ങളുള്ളവർക്ക് നിരീക്ഷണം മാത്രം മതി. അവർക്ക് ആന്റിബയോട്ടിക്കുകളോ, വിറ്റാമിൻ ഗുളികകളോ നൽകേണ്ടതില്ല. എന്നാൽ കൃത്യമായ നിരീക്ഷണവും ഐസൊലേഷനും ഉറപ്പ് വരുത്തണം. അവർക്ക് അപായ സൂചനകളുണ്ടെങ്കിൽ (റെഡ് ഫ്ളാഗ്) നേരത്തെ തന്നെ കണ്ടുപിടിക്കാനുള്ള ഗൈഡ് ലൈൻ പുറത്തിറക്കിയിരുന്നു. ഇത് കൃത്യമായി പാലിക്കണം. എന്തെങ്കിലും ബുദ്ധിമുട്ടുകളുണ്ടെങ്കിൽ ആരോഗ്യ പ്രവർത്തകരെ വിവരം അറിയിക്കണം.

രോഗ സ്വഭാവമനുസരിച്ച് അഞ്ച് തരത്തിലുള്ള പരിചരണമാണ് ഉറപ്പ് വരുത്തുന്നത്. രോഗലക്ഷണമില്ലാത്തവർക്ക് ഹോം കെയർ ഐസൊലേഷൻ മാത്രം മതിയാകും. എന്നാൽ വീട്ടിൽ ഐസോലേഷന് സൗകര്യമില്ലാത്തവരെ ഡി.സി.സി.കളിൽ പാർപ്പിക്കണം. കാറ്റഗറി എയിലെ രോഗികളെ സി.എഫ്.എൽ.ടി.സി.കളിലേക്കും കാറ്റഗറി ബിയിലെ രോഗികളെ സി.എസ്.ടി.എൽ.സി. എന്നിവിടങ്ങളിലും കാറ്റഗറി സിയിലുള്ള ഗുരുതര രോഗികളെ കോവിഡ് ആശുപത്രികളിലുമായിരിക്കും ചികിത്സിക്കുക.

ഗർഭിണികളെ മരണത്തിൽ നിന്നും സംരക്ഷിക്കാൻ പ്രത്യേക ക്രിട്ടിക്കൽ കെയർ മാർഗ നിർദേശത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രമേഹ രോഗികളിലെ കോവിഡ് മരണനിരക്ക് കുറയ്ക്കാൻ പ്രമേഹ രോഗ നിയന്ത്രണത്തിന് പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്.

കുട്ടികളുടെ ക്രിട്ടിക്കൽ കെയർ, ഇൻഫെക്ഷൻ മാനേജ്മെന്റ്, പ്രായപൂർത്തിയായവരുടെ ക്രിട്ടിക്കൽ കെയർ, ശ്വാസതടസമുള്ള രോഗികൾക്കുള്ള വിദഗ്ധ ചികിത്സ, ആസ്പർഗില്ലോസിസ്, മ്യൂകോർമൈക്കോസിസ് ചികിത്സ എന്നിവയും പുതിയ പ്രോട്ടോകോളിൽ വിശദമായി ഉൾപ്പെടുത്തിയിട്ടുണ്ട്.



കലക്ട്രേറ്റ് അങ്കണത്തിൽ നടത്തിയ പുനർജ്ജനി പദ്ധതിയുടെ ജില്ലാതല ഉദ്ഘാടന ചടങ്ങിൽ അസിസ്റ്റന്റ് കലക്ടർ ഡോ.അരുൺ. എസ്.നായർ ഹരിതകേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ എസ്.ഐസക്കിന് പച്ചക്കറി വിത്തുകൾ കൈമാറുന്നു



കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷനിലെ ഡി.എ കടിശ്ശികയുടെ വിതരണോദ്ഘാടനം വ്യവസായമന്ത്രി പി. രാജീവ് നിർവഹിക്കുന്നു

# ജനകീയാസൂത്രണം രജതജൂബിലി ആഘോഷം:മുൻകാല പ്രവർത്തകരെ ആദരിക്കും

ജനകീയ പ്രസ്ഥാനമായി ജനകീയാസൂത്രണത്തെ ആവിഷ്കരിച്ച മുൻകാല പ്രവർത്തകരെ രജതജൂബിലി ആഘോഷ വേളയിൽ ആദരിക്കുമെന്ന് തദ്ദേശ സ്വയംഭരണ, ഗ്രാമവികസന, എക്സൈസ് മന്ത്രി എം. വി. ഗോവിന്ദൻ മാസ്റ്റർ അറിയിച്ചു. 1996 ആഗസ്ത് 17ന് തുടക്കമിട്ട ജനകീയാസൂത്രണ പദ്ധതിയുടെ തുടക്കകാലത്ത് നിരവധി വെല്ലുവിളികൾ അഭിമുഖീകരിക്കേണ്ടി വന്നിരുന്നു. മുന്നനുഭവങ്ങളുടെ പരിചയമില്ലാതെയാണ് കേരളം ജനകീയ മുന്നേറ്റത്തിലേക്ക് കടന്നതെങ്കിലും പിന്നീടുണ്ടായത് അവിസ്മരണീയമായ ചരിത്രമാണെന്ന് മന്ത്രി വ്യക്തമാക്കി.

ജനകീയാസൂത്രണത്തിന്റെ തുടക്കത്തിൽ ജനപ്രതിനിധികളും സന്നദ്ധ പ്രവർത്തകരും ഉദ്യോഗസ്ഥരും ജനങ്ങളുമൊക്കെ ചേർന്ന് ഒരു വർഷത്തിലേറെ നീണ്ട പ്രവർത്തനങ്ങൾക്കൊടുവിലാണ് ആദ്യ വാർഷിക പദ്ധതി തയ്യാറാക്കിയത്. ആസൂത്രണ ഗ്രാമസഭ, വാർഡ് സഭ, വികസന സെമിനാർ, കർമ്മ സമിതികൾ, പദ്ധതി രേഖ, ബ്ലോക്ക്ജില്ലാ പദ്ധതികൾ, ജില്ലാ ആസൂത്രണസമിതി എന്നിവയടങ്ങുന്ന ആസൂത്രണ ചട്ടക്കൂടൊരുക്കി ജനകീയാസൂത്രണത്തിന്റെ ഘടനാപരമായ അസ്തിവാരം ബലപ്പെടുത്തിയ മുൻ അധ്യക്ഷൻമാരെയും ജനപ്രതിനിധികളെയും സന്നദ്ധ പ്രവർത്തരെയും ഉദ്യോഗസ്ഥരെയും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും രജത ജൂബിലി ഉദ്ഘാടന വേളയിൽ ആദരിക്കുമെന്ന് മന്ത്രി അറിയിച്ചു.

ആഗസ്റ്റ് 17ന് വൈകുന്നേരം തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ നിലവിളക്ക് കൊളുത്തുന്നതോടെ സംസ്ഥാനത്ത് ജനകീയാസൂത്രണ രജതജൂബിലി ആഘോഷങ്ങൾക്ക് തുടക്കമാവും.

മന്ത്രിമാർക്കും പ്രതിപക്ഷ നേതാവിനുമൊപ്പം മുൻ മുഖ്യമന്ത്രിമാരും മുൻ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിമാരും വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും ആസൂത്രണ ബോർഡ് അംഗങ്ങളും കലാ, സാഹിത്യ, സാംസ്കാരിക, മാധ്യമ മേഖലകളിലെ പ്രമുഖരും രജത ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടന പരിപാടിയിൽ പങ്കാളികളാവും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉച്ചയ്ക്ക് രണ്ട് മണിയോടെ രജത ജൂബിലി ആഘോഷങ്ങൾ ആരംഭിക്കും. സംസ്ഥാനതല ഉദ്ഘാടന പരിപാടി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വലിയ സ്ക്രീനിൽ ലൈവായി പ്രദർശിപ്പിക്കും.

# വ്യാപാരസ്ഥാപനങ്ങളിൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തും

ഓണത്തോടനുബന്ധിച്ച് വ്യാപാരസ്ഥാപനങ്ങൾ തുറക്കുമ്പോൾ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ഒരുങ്ങി വിവിധ തദ്ദേശസ്ഥാപനങ്ങൾ. വ്യാപാരികൾ, ഓട്ടോടാക്സി ടാക്സി ഡ്രൈവർമാർ ഉൾപ്പെടെ പൊതുജനങ്ങളോട് നേരിട്ട് ഇടപെടുന്നവർക്കായി പ്രത്യേക പരിശോധനാ സംവിധാനങ്ങൾ ഒരുക്കും. സ്ക്വാഡുകളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കാനും തീരുമാനമായി.

പുനലൂർ നഗരസഭയിൽ ചെയർപേഴ്സൺ നിമ്മി എബ്രഹാമിന്റെ അധ്യക്ഷതയിൽ വിവിധ വകുപ്പുതല ഉദ്യോഗസ്ഥരുടെ യോഗം ചേർന്നു. ഓണത്തിന് വ്യാപാരസ്ഥാപനങ്ങൾ തുറക്കുമ്പോൾ നൂറ് സ്ക്വയർഫീറ്റിൽ നാല് പേരെ മാത്രമേ അനുവദിക്കാൻ പാടുള്ളൂ. വ്യാപാരസ്ഥാപനങ്ങളുടെ മുന്നിൽ കോവിഡ് മാനദണ്ഡങ്ങൾ സംബന്ധിച്ച് നിബന്ധനാ ബോർഡുകൾ വയ്ക്കണം. കടകൾക്ക് മുന്നിൽ വിശ്രമിക്കാനുള്ള ഇരിപ്പിടങ്ങൾ തയ്യാറാക്കണം. കടകളിലെ ജീവനക്കാർ രണ്ട് ഡോസ് വാക്സിൻ എടുത്തവരോ ആർ.ടി.പി.സി.ആർ പരിശോധന നെഗറ്റീവോ ആയിരിക്കണമെന്നും വ്യാപാരി വ്യവസായി പ്രതിനിധികൾക്ക് നിർദ്ദേശം നൽകി. നഗരത്തിൽ പോസ്റ്റ് ഓഫീസ് ജംഗ്ഷൻ, ചെമ്മന്തൂർ, മാർക്കറ്റ് ജംഗ്ഷൻ, കെ.എസ്.ആർ.ടി.സി, ടി.ബി ജംഗ്ഷൻ എന്നിവിടങ്ങളിൽ സ്ഥിരം അനൗൺസ്മെന്റ് നടത്താനും ഓരോ പോയിന്റുകൾ കേന്ദ്രീകരിച്ചു പോലീസ് പട്രോളിങ് ശക്തിപ്പെടുത്താനും യോഗത്തിൽ തീരുമാനമായി. ഓരോ പോയിന്റുകൾ കേന്ദ്രീകരിച്ചുള്ള അനൗൺസ്മെന്റ് ഓഗസ്റ്റ് 11 ന് തുടങ്ങാനും തീരുമാനമായി.

ചവറ ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച മൊബൈൽ ആന്റിജൻ ടെസ്റ്റ് യൂണിറ്റ് വഴി കച്ചവട സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും ആന്റിജൻ ടെസ്റ്റ് നടത്തി വരുന്നു. കോവിഡ് തീവ്രത ഏറിയ പ്രദേശങ്ങളിൽ എല്ലാവരെയും പരിശോധിച്ച് കോവിഡ് വ്യാപന തോത് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് മൊബൈൽ ആന്റിജൻ ടെസ്റ്റ് യൂണിറ്റ് സജ്ജമാക്കിയത്. മൂന്നാം തരംഗം മുന്നിൽ കണ്ട് പരിശോധനകൾ കൂടുതൽ വ്യാപകമാക്കുമെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സന്തോഷ് തുപ്പാശ്ശേരി പറഞ്ഞു.വാർഡുകൾ കേന്ദ്രീകരിച്ചുള്ള അണുനശീകരണ പ്രവർത്തനങ്ങളും നടന്നു വരുന്നുണ്ട്.

പനയം ഗ്രാമപഞ്ചായത്തിലെ ഡി.സി.സിയിൽ 25 രോഗികൾ ചികിത്സയിലുണ്ട്. ഇവർക്ക് ആയുർവേദം, ഹോമിയോ, അലോപ്പതി മരുന്നുകൾ നൽകുന്നുണ്ട്. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി അനൗൺസ്മെന്റ്കൾ ഊർജിതമാണ്. വാർഡുതലത്തിൽ ആന്റിജൻ, ആർ.ടി.പി.സി.ആർ പരിശോധനകൾ നടത്തുന്നുണ്ടെന്ന് പ്രസിഡന്റ് ഡോ. കെ. രാജശേഖരൻ പറഞ്ഞു.

പൂയപ്പള്ളിയിൽ ആന്റിജൻ, ആർ.ടി.പി.സി.ആർ പരിശോധനകൾ വർധിപ്പിച്ചു. നിയന്ത്രണങ്ങളിൽ കൂടുതൽ ഇളവുകൾ പ്രഖ്യാപിച്ചതോടെ പഞ്ചായത്ത്,ആരോഗ്യ വകുപ്പ്, പൊലീസ്, സെക്ടറൽ മജിസ്ട്രേറ്റുമാർ എന്നിവരുടെ നേതൃത്വത്തിൽ നിയമലംഘനങ്ങൾ തടയുന്നതിന് നിരീക്ഷണം ശക്തമാക്കി. വാക്സിനേഷനും കാര്യക്ഷമമായ രീതിയിൽ നടക്കുന്നു. മെഗാ ടെസ്റ്റ് ഡ്രൈവ്, ബോധവൽക്കരണ ക്യാമ്പയിൻ എന്നിവയും നടത്തി വരുന്നതായി പ്രസിഡന്റ് ജെസ്സി റോയി പറഞ്ഞു.

ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആയൂർ മർത്തോമ കോളജിൽ പ്രവർത്തിക്കുന്ന ഡി.സി.സിയിൽ 32 രോഗികൾ ചികിത്സയിലുണ്ട്.

ബ്ലോക്ക് പരിധിയിലെ എട്ട് ഗ്രാമപഞ്ചായത്തുകളിലും കോവിഡ് വ്യാപനം തടയുന്നതിനായി ശക്തമായ പ്രതിരോധ പ്രവർത്തനങ്ങളാണ് നടത്തുന്നുണ്ട്. ആയുർവേദ, ഹോമിയോ പ്രതിരോധ മരുന്നുകൾ എല്ലാ വാർഡുകളിലും വിതരണം ചെയ്തു. മുഴുവൻ പഞ്ചായത്തുകളിലും ആന്റിജൻ പരിശോധനയും വ്യാപിപ്പിച്ചിട്ടുണ്ടെന്ന് പ്രസിഡന്റ് ലതിക വിദ്യാധരൻ പറഞ്ഞു.

മുഖത്തലയിലെ നെടുമ്പന പഞ്ചായത്തിൽ ഇതുവരെ 9629 പേർക്ക് വാക്സിൻ നൽകിയതായി പഞ്ചായത്ത് സെക്രട്ടറി വി എസ് ലേഖ പറഞ്ഞു.

## സ്വാതന്ത്ര്യദിനാഘോഷം ധനകാര്യമന്ത്രി പതാക ഉയർത്തും

കോവിഡ് സാഹചര്യം പരിഗണിച്ച് ലളിതമായ ചടങ്ങുകളോടെ ലാൽബഹദൂർ ശാസ്ത്രി സ്റ്റേഡിയത്തിൽ ഇത്തവണത്തെ സ്വാതന്ത്ര്യ ദിനം ആഘോഷിക്കും. രാവിലെ ഒൻപതിന് ചടങ്ങുകൾ തുടങ്ങും. ധനകാര്യ വകുപ്പ് മന്ത്രി കെ. എൻ ബാലഗോപാൽ ദേശീയ പതാക ഉയർത്തി പരേഡിൽ അഭിവാദ്യം സ്വീകരിച്ച് സംസാരിക്കും എന്ന് ജില്ലാ കലക്ടർ ബി. അബ്ദുൽ നാസർ സംഘാടക യോഗത്തിൽ അറിയിച്ചു.

ആചാരപരമായ പരേഡ് നടത്തുമെങ്കിലും കുട്ടികൾ, മുതിർന്ന പൗര ൻമാർ, പൊതുജനങ്ങൾ എന്നിവർക്ക് ചടങ്ങിൽ പ്രവേശനമില്ല. ക്ഷണിതാക്കളുടെ എണ്ണം പരമാവധി 100 ആയിരിക്കും. മൂന്നു മുതൽ അഞ്ചുവരെ പ്ലാറ്റൂണുകളാണ് (പോലീസ്, എക്സൈസ്, പോലീസ് ബാൻഡ് ട്രൂപ്പുകൾ) പരേഡിനുണ്ടാകുക. ചടങ്ങിനെത്തുന്ന എല്ലാവരേയും കവാടത്തിൽ തെർമൽ സ്കാനിങ്ങിന് വിധേയമാക്കും. ഹാൻഡ് സാനിറ്റൈസർ, മാസ്ക് എന്നിവ വേദിയിലും പ്രവേശന കവാടത്തിലും ഉണ്ടാകും. സമ്മാന വിതരണമോ ആദരിക്കൽ ചടങ്ങുകളോ ഉണ്ടാകില്ല. പൂർണമായും ഹരിതചട്ടം പാലിച്ച് നടക്കുന്ന ചടങ്ങിൽ പ്ലാസ്റ്റിക് നിർമിത ദേശീയ പതാകകളും പ്രകൃതി സൗഹാർദമല്ലാത്ത മറ്റു വസ്തുക്കളും ഒഴിവാക്കുമെന്ന് കലക്ടർ വ്യക്തമാക്കി.

# ജനകീയാസൂത്രണം രജതജൂബിലി ആഘോഷം മുൻകാല പ്രവർത്തകരെ ആദരിക്കും: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

തിരുവനന്തപുരം : രാജ്യമാകെയും ലോകത്തിലെ പല രാജ്യങ്ങളും പകർത്താനാഗ്രഹിക്കുന്ന ജനകീയ പ്രസ്ഥാനമായി ജനകീയാസൂത്രണത്തെ ആവിഷ്കരിച്ച ആദ്യപഥികരെ രജതജൂബിലി ആഘോഷ വേളയിൽ ആദരിക്കുമെന്ന് തദ്ദേശ സ്വയംഭരണ, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. 1996 ആഗസ്ത് 17ന് ജനകീയാസൂത്രണം ആരംഭിക്കുമ്പോൾ അധികാര വികേന്ദ്രീകരണ പ്രക്രിയയെ ഉൾക്കൊള്ളാൻ വ്യവസ്ഥാപിത സമൂഹം പ്രാപ്തമായിരുന്നില്ല. വിപുലമായ പ്രചരണ, ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയാണ് വികേന്ദ്രീകൃതാസൂത്രത്തിന്റെ സാധ്യതകൾ ജനങ്ങൾക്ക് പകർന്നുനൽകിയത്. നിരവധി വെല്ലുവിളികൾ ജനകീയാസൂത്രണത്തിന്റെ ആദ്യ ഘട്ടങ്ങളിൽ അഭിമുഖീകരിക്കേണ്ടി വന്നിരുന്നു. മുന്നനുഭവങ്ങളുടെ പരിചയമില്ലാതെയാണ് കേരളം ആ ജനകീയ മുന്നേറ്റത്തിലേക്ക് കടന്നതെങ്കിലും പിന്നീടുണ്ടായത് അവിസ്മരണീയമായ ചരിത്രമാണെന്ന് മന്ത്രി വിശദീകരിച്ചു.

ജനകീയാസൂത്രണത്തിന്റെ തുടക്കത്തിൽ ജനപ്രതിനിധികളും സന്നദ്ധ പ്രവർത്തകരും ഉദ്യോഗസ്ഥരും ജനങ്ങളുമൊക്കെ ചേർന്ന് ഒരു വർഷത്തിലേറെ നീണ്ട തയ്യാറെടുപ്പുകൾക്കൊടുവിലാണ് ആദ്യ വാർഷിക പദ്ധതി തയ്യാറാക്കിയത്. ആസൂത്രണ ഗ്രാമസഭ, വാർഡ് സഭ, വികസന സെമിനാർ, കർമ്മ സമിതികൾ, പദ്ധതിരേഖ, ബ്ലോക്ക്ജില്ലാ പദ്ധതികൾ, ജില്ലാ ആസൂത്രണസമിതി എന്നിവയടങ്ങുന്ന ആസൂത്രണ ചട്ടക്കൂടൊരുക്കി ജനകീയാസൂത്രണത്തിന്റെ ഘടനാപരമായ അസ്തിവാരം ബലപ്പെടുത്തിയ മുൻ അധ്യക്ഷൻമാരെയും ജനപ്രതിനിധികളെയും സന്നദ്ധ പ്രവർത്തരെയും ഉദ്യോഗസ്ഥരെയും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും രജത ജൂബിലി ഉദ്ഘാടന വേളയിൽ ആദരിക്കുമെന്ന് മന്ത്രി പറഞ്ഞു.

ആഗസ്ത് 17ന് വൈകുന്നേരം തിരുവനന്തപുരത്ത് തയ്യാറാക്കുന്ന പ്രത്യേക വേദിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിലവിളക്ക് കൊളുത്തുന്നതോടെ സംസ്ഥാനത്ത് ജനകീയാസൂത്രണ രജതജൂബിലി ആഘോഷങ്ങൾക്ക് തുടക്കമാവും. മന്ത്രിമാർക്കും പ്രതിപക്ഷ നേതാവിനുമൊപ്പം മുൻ മുഖ്യമന്ത്രിമാരും മുൻ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിമാരും വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും ആസൂത്രണ ബോർഡ് അംഗങ്ങളും കലാ, സാഹിത്യ, സാംസ്കാരിക, മാധ്യമ മേഖലകളിലെ പ്രമുഖരും രജത ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടന പരിപാടിയിൽ പങ്കാളികളാവുമെന്ന് ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉച്ചയ്ക്ക് രണ്ട് മണിയോടെ അതാത് സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് രജത ജൂബിലി ആഘോഷങ്ങൾ ആരംഭിക്കും. സംസ്ഥാനതല ഉദ്ഘാടന പരിപാടി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വലിയ സ്ക്രീനിൽ ലൈവായി പ്രദർശിപ്പിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

# ഓഗസ്റ്റ് 07 ന് ഏഴാമത് ദേശീയ കൈത്തറി ദിനം

മൈഗോവ് പോര്ട്ടലിൽ2021 ഓഗസ്റ്റ് 7 മുതൽ11 വരെയും ഓഗസ്റ്റ് 19 മുതൽ22 വരെയും വിദ്യാര്ത്ഥികള്ക്കും പൊതുജനങ്ങള്ക്കുമായി ഒരു കൈത്തറി ക്വിസ് സംഘടിപ്പിക്കുന്നു

ന്യൂഡല്ഹി : ടെക്സ്റ്റൈൽസ് മന്ത്രാലയം 2021 ഓഗസ്റ്റ് 07 ന് ഏഴാമത് ദേശീയ കൈത്തറി ദിനം ആഘോഷിക്കും. ഈ ദിവസം, കൈത്തറി നെയ്ത്ത് സമൂഹത്തെ ആദരിക്കുകയും ഈ രാജ്യത്തിന്റെ സാമൂഹികസാമ്പത്തിക വികസനത്തിൽഈ മേഖലയുടെ സംഭാവനകളെ ഉയര്ത്തിക്കാട്ടുകയും ചെയ്യും. നമ്മുടെ കൈത്തറി പാരമ്പര്യം സംരക്ഷിക്കുന്നതിനും കൂടുതൽഅവസരങ്ങള്ക്കൊപ്പം നമ്മുടെ കൈത്തറി നെയ്ത്തുകാരെയും തൊഴിലാളികളെയും ശാക്തീകരിക്കുന്നതിനുമുള്ള പ്രതിജ്ഞ ആവര്ത്തിച്ച് ഉറപ്പിക്കും. ഈ വര്ഷം, ഈ ദിവസം ആഘോഷിക്കുന്നതിനായി ടെക്സ്റ്റൈല്സ് മന്ത്രാലയം ന്യൂഡല്ഹി, ചാണക്യപുരി, ദി അശോക്,കണ്വന്ഷന് സെന്ററിൽദിനാചരണ പരിപാടി സംഘടിപ്പിക്കും. കേന്ദ്ര ടെക്സ്റ്റൈല്സ്, വാണിജ്യം, വ്യവസായം, ഉപഭോക്തൃകാര്യ, ഭക്ഷ്യ പൊതുവിതരണ മന്ത്രി ശ്രീ പീയുഷ് ഗോയൽചടങ്ങിൽഅദ്ധ്യക്ഷത വഹിക്കും ടെക്സ്റ്റൈല്സ്, റെയിലേ സഹമന്ത്രി ശ്രീമതി ദര്ശനജാര്ദോഷ് ചടങ്ങിൽമുഖ്യാതിഥിയായിരിക്കും. ടെക്സ്റ്റൈല്സ് സെക്രട്ടറി ശ്രീ യു.പി സിംഗും പരിപാടിയിൽപങ്കെടുക്കും.

സ്വാതന്ത്ര്യത്തിന്റെ 75 ാം വര്ഷത്തില്, ഒരു രാജ്യമെന്ന നിലയിൽനമ്മളെല്ലാവരും ഇന്ത്യന് കൈത്തറി ഉത്പന്നങ്ങള് വാങ്ങാനും ൃണ്യഒമിറഹീീാണ്യജ്യശറല മായി സഹകരിച്ച് അവരുടെ മഹത്വം പ്രദര്ശിപ്പിക്കാനും പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി, അഭ്യര്ത്ഥിച്ചിരുന്നു.

നമ്മുടെ രാജ്യത്തിന്റെ സമ്പന്നവും വൈവിധ്യപൂര്ണ്ണവുമായ സാംസ്കാരിക പൈതൃകത്തിന്റെ പ്രതീകമായ കൈത്തറി നമ്മുടെ രാജ്യത്തെ ഗ്രാമീണ, അര്ദ്ധ ഗ്രാമീണ ഭാഗങ്ങളിൽഉപജീവനമാര്ഗം പ്രദാനം ചെയ്യുന്ന ഒരു സുപ്രധാന മേഖലയാണ്. നെയ്ത്തുകാരിലും അനുബന്ധ തൊഴിലാളികളികളിലും 70 ശതമാനത്തിലധികം സ്ത്രീകളുമായി സ്ത്രീ ശാക്തീകരണത്തെ നേരിട്ട് അഭിസംബോധന ചെയ്യുന്ന ഒരു മേഖലയാണ് ഇത്. സ്വാതന്ത്ര്യത്തിനായുള്ള നമ്മുടെ പോരാട്ടത്തിലെ നിര്ണായക പ്രസ്ഥാനങ്ങളിലൊന്ന് സ്വദേശി പ്രസ്ഥാനമായിരുന്നു. 1905 ആഗസ്റ്റ് 7 ന് ആരംഭിച്ച ഈ പ്രസ്ഥാനം തദ്ദേശീയ വ്യവസായങ്ങളേയും കൈത്തറി നെയ്ത്തുകാരും ഉള്ക്കൊള്ളുന്ന സ്വദേശിയുടെ ആത്മാവിനെയും പ്രോത്സാഹിപ്പിച്ചു. എല്ലാ വര്ഷവും ആഗസ്റ്റ് 7 ന് ദേശീയ കൈത്തറി ദിനമായി (എന്.എച്ച്.ഡി) നാമനിര്ദ്ദേശം ചെയ്യാന് 2015 ല്, കേന്ദ്രഗവണ്മെന്റ് തീരുമാനിച്ചു. ആദ്യത്തെ എന്.എച്ച്.ഡി 2015 ഓഗസ്റ്റ് 7ന് ചെന്നൈയിൽപ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി ഉദ്ഘാടനം ചെയ്തു. അതിനെ തുടര്ന്ന് വാരാണസി, ഗോഹട്ടി, ജയ്പൂര്, ഭുവനേശ്വര് എന്നിവിടങ്ങളിൽഎന്.എച്ച്.ഡി ആഘോഷ ചടങ്ങുകള് നടന്നു. കൈത്തറി മേഖലയുടെ സുസ്ഥിര വികസനം ഉറപ്പാക്കാന് കേന്ദ്രസര്ക്കാര് യത്നിക്കുന്നു, അതിലൂടെ നമ്മുടെ കൈത്തറി നെയ്ത്തുകാരെയും തൊഴിലാളികളെയും സാമ്പത്തികമായി ശാക്തീകരിക്കുകയും അവരുടെ ഉല്കൃഷ്ടമായ കരകൗശലത്തിൽഅഭിമാനം ഉള്ച്ചേര്ക്കുകയും ചെയ്യുന്നു.

കേരളത്തിൽതിരുവനന്തപുരത്തെ കോവളം, അസമിലെ ഗോലഘട്ട് ജില്ലയിലെ മൊഹപ്പാറ വില്ലേജ്, ശ്രീനഗറിലെ ബഡ്ഗാമിലെ കനിഹാമ, എന്നീ മൂന്ന് കൈത്തറി കരകൗശല ഗ്രാമങ്ങള് അതാത് സംസ്ഥാന സര്ക്കാരുകളുമായി സഹകരിച്ച് ടെക്സ്റ്റൈൽമന്ത്രാലയം സ്ഥാപിച്ചിട്ടുണ്ട്. ആഭ്യന്തര, അന്തര്ദേശീയ വിനോദസഞ്ചാരികള്ക്ക് കൂടുതൽആകര്ഷണം നല്കുകയും ഈ മേഖലയിലെ അറിയപ്പെടുന്ന കൈത്തറി കരകൗശല ഉല്പ്പന്നങ്ങള് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ സ്ഥലങ്ങളിൽകരകൗശല ഗ്രാമങ്ങള് സ്ഥാപിക്കുന്നതിന് പിന്നിലെ ലക്ഷ്യം .

പ്രധാനമന്ത്രിയുടെ ആഹ്വാനപ്രകാരം, ദേശീയ തലത്തിൽ"എന്റെ കൈത്തറി എന്റെ അഭിമാനം പ്രദര്ശനം" ഏഴാമത് ദേശീയ കൈത്തറി വികസനദിനാഘോഷത്തിന്റെ ഭാഗമായി 2021 ഓഗസ്റ്റ് ഒന്നുമുതൽ15 വരെ ന്യൂഡല്ഹിയിലെ ഐ.എന്.എ ഡില്ലിഹാത്തിൽദേശീയ കൈത്തറി വികസന കോര്പ്പറേഷന് (എന്.എച്ച്.ഡി.സി) സംഘടിപ്പിക്കുന്നു. രാജ്യത്തുടനീളമുള്ള കൈത്തറി സ്റ്ററുകള്/പോക്കറ്റുകളിൽനിന്നുള്ള കൈത്തറി ഉല്പ്പാദന കമ്പനികളും നെയ്ത്തുകാരും കൈത്തറി ഉല്പ്പന്നങ്ങള് വില്പ്പനയ്ക്ക് വേണ്ടി പ്രദര്ശിപ്പിക്കുകയും എടുത്തുകാട്ടുകയും ചെയ്യുന്നു. 22 സംസ്ഥാനങ്ങളിൽനിന്നുള്ള 125 ലധികം കൈത്തറി ഏജന്സികള്/ ദേശീയ അവാര്ഡ് ജേതാക്കള് എന്നിവര് പ്രദര്ശനത്തിൽപങ്കെടുക്കുന്നു. 2021 ഓഗസ്റ്റ് 15 വരെ പതിനഞ്ച് ദിവസം രാവിലെ 11 മുതൽരാത്രി 8 വരെ പൊതുജനങ്ങള്ക്ക് പ്രദര്ശനം കാണാന് തുറന്നിരിക്കും ഏകദേശം 10,000 ൽഅധികം ആളുകള് പ്രദര്ശനം സന്ദര്ശിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

2021 ഓസഗറ്റ് 7 മുതൽ11 വരെ ഹാന്ഡ് ലൂം എക്പോര്ട്ട് പ്രമോഷന് കൗണ്സിലും ന്യൂഡല്ഹിയിൽഹോട്ടൽലീലാ പാലസിന് സമീപനത്തായി മോത്തബാഗിലെ കമ്മ്യൂണിറ്റിഹാളിൽ ൃണ്യഒമിറഹീീാണ്യജ്യശറല പ്രദര്ശനം സംഘടിപ്പിക്കുന്നുണ്ട്.

അതിനുപുറമെ, എല്ലാ നെയ്ത്തുകാരുടെ സേവന കേന്ദ്രങ്ങളിലും ഇന്ത്യന് ഇന്സ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്ഡ്ലൂം ടെക്നോളജിയിലും, നാഷണൽഹാന്ഡ്ലൂം ഡെവലപ്മെന്റ് കോര്പ്പറേഷന്റേയും, കൈത്തറി കയറ്റുമതി പ്രൊമോഷന് കൗണ്സിലിന്റേയും ഓഫീസുകളിലും, നിഫ്റ്റ് കാമ്പസുകളിലു സംസ്ഥാന ഗവണ്മെന്റിന്റെ കൈത്തറി വകുപ്പുകള്, കൈത്തറി ക്ലസ്റ്ററുകള് എന്നിവിടങ്ങളിലും പ്രാദേശിക പരിപാടികള് സംഘടിപ്പിക്കും. കൈത്തറിയെ സംബന്ധിച്ച് വിദ്യാര്ത്ഥികള്ക്കും പൊതുജനങ്ങള്ക്കുമായി ഓരോ ക്വിസ് മത്സരം മൈഗോവ് പോര്ട്ടലിൽ2021 ഓഗസ്റ്റ് 7 മുതൽ11 വരെയും ഓഗസ്റ്റ് 19 മുതൽ22 വരെയും സംഘടിപ്പിക്കും. പ്രധാന കൈത്തറി ഉല്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളെക്കുറിച്ചും കൈത്തറി നെയ്ത്തുകാരുടെയും തൊഴിലാളികളുടെയും എണ്ണവും സംബന്ധിച്ച വിശദാംശങ്ങള് ചുവടെ നല്കിയിരിക്കുന്നു:

ൽ

# കോവിഡ് 1547, രോഗമുക്തി 2867

ജില്ലയിൽ ഇന്നലെ (ഓഗസ്റ്റ് 05) 1547 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. 2867 പേർ രോഗമുക്തി നേടി. വിദേശത്തു നിന്നെത്തിയ നാലു പേർക്കും സമ്പർക്കം വഴി 1539 പേർക്കും നാലു ആരോഗ്യപ്രവർത്തകർക്കും രോഗം സ്ഥിരീകരിച്ചു.

കൊല്ലം കോർപറേഷനിൽ 218 പേർക്കാണ് രോഗബാധ.

മുനിസിപ്പാലിറ്റികളിൽ പരവൂർ48, പുനലൂർ22, കരുനാഗപ്പള്ളി17, കൊട്ടാരക്കര ആറ് എന്നിങ്ങനെയാണ് രോഗബാധിതരുടെ എണ്ണം.

ഗ്രാമപഞ്ചായത്തുകളിൽ കുളത്തൂപ്പുഴ121, അലയമൺ 62, കടയ്ക്കൽ56, കരീപ്ര47, കല്ലുവാതുക്കൽ, ചാത്തന്നൂർ എന്നിവിടങ്ങളിൽ 42 വീതവും പട്ടാഴി, ചിതറ, ആലപ്പാട് പ്രദേശങ്ങളിൽ 38 വീതവും വെട്ടിക്കവല35, ഉമ്മന്നൂർ34, തൃക്കോവിൽവട്ടം, വിളക്കുടി ഭാഗങ്ങളിൽ 31 വീതവും തെക്കുംഭാഗം 30, നെടുമ്പന 24, പത്തനാപുരം23, ആദിച്ചനല്ലൂർ 22, അഞ്ചൽ21, ഏരൂർ20, പൂതക്കുളം19, മൈലം, കുളക്കട, ഓച്ചിറ എന്നിവിടങ്ങളിൽ 18 വീതവും മേലില, മയ്യനാട്, ചവറ പ്രദേശങ്ങളിൽ 16 വീതവും ക്ലാപ്പന, ചടയമംഗലം, പിറവന്തൂർ, വെസ്റ്റ് കല്ലട ഭാഗങ്ങളിൽ 15 വീതവും തഴവ14, ഇട്ടിവ, ഇളമ്പള്ളൂർ, നിലമേൽ, പോരുവഴി എന്നിവിടങ്ങളിൽ 13 വീതവും തെല, കൊറ്റങ്കര, കരവാളൂർ, ഇളമാട് പ്രദേശങ്ങളിൽ 12 വീതവും എഴുകോൺ, തേവലക്കര, മൈനാഗപ്പള്ളി ഭാഗങ്ങളിൽ 11 വീതവും പെരിനാട്, പ ന, കുലശേഖരപുരം, ഇടമുളയ്ക്കൽ എന്നിവിടങ്ങളിൽ 10 വീതവും നെടുവത്തൂർ ഒൻപത്, ശൂരനാട് നോർത്ത്, തൃക്കരുവ, തലവൂർ പ്രദേശങ്ങളിൽ എട്ടു വീതവും ഈസ്റ്റ് കല്ലട, ചിറക്കര, വെളിനല്ലൂർ, വെളിയം ഭാഗങ്ങളിൽ ഏഴു വീതവും കുണ്ടറആറ്, ആര്യങ്കാവ്, കുന്നത്തൂർ, തൊടിയൂർ, പട്ടാഴി വടക്കേക്കര, ശാസ്താംകോട്ട എന്നിവിടങ്ങളിൽ അഞ്ചു വീതവും ശൂരനാട് സൗത്ത്, മൺട്രോതുരുത്ത് പ്രദേശങ്ങളിൽ നാലു വീതവും പവിത്രേശ്വരം, പേരയം ഭാഗങ്ങളിൽ മൂന്ന് വീതവുമാണ് രോഗബാധിതരുടെ എണ്ണം. മറ്റിടങ്ങളിൽ രണ്ടും അതിൽ താഴെയുമാണ് രോഗബാധിതരുടെ എണ്ണം.

## ജൂനിയർ റിസർച്ച് ഫെല്ലോ

കേരള വന ഗവേഷണ സ്ഥാപനത്തിൽ 2022 ജനുവരി നാല് വരെ കാലാവധിയുള്ള സമയ ബന്ധിത ഗവേഷണ പദ്ധതിയായ 'മോർഫോമോളിക്യുലാർ ക്യാരക്ടൈറൈസേഷൻ ആന്റ് എക്സ്സിതു കൺസർവേഷൻ ഓഫ് ഫൈറ്റോപാത്തോജെനിക് ഫഞ്ചൈ ഓഫ് ആറളം വൈൽഡ് ലൈഫ് സാങ്ചറി, കേരള ആന്റ് ഇവാല്യുവേഷൻ ഓഫ് ആന്റിഫഞ്ചൽ എഫിക്കസി ഓഫ് ഫൈവ് സെലക്ടഡ് മെഡിസിനൽ പ്ലാന്റ്സ് ലീഫ് എക്സ്ട്രാക്റ്റ്സ് എഗേൻസ്റ്റ് ഐസോലേറ്റഡ് മോസ്റ്റ് ഫൈറ്റോപാത്തോജനിക് ഫഞ്ചൈ' യിൽ ജൂനിയർ റിസർച്ച് ഫെല്ലോ / പ്രോജക്ട് ഫെല്ലോയുടെ താൽകാലിക ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക്: ംംം.സള്യശ.്യലമ.ശി.



# ഭാരതീയം ട്രസ്റ്റ് ആന്റിസിക്കാ വൈറസ് ക്യാമ്പയിൻ സംഘടിപ്പിച്ചു

പൂജപ്പുര: തിരുവനന്തപുരം ജില്ലയിൽ സിക്കാ വൈറസ് പടർന്ന് പിടിക്കുന്ന സാഹചര്യത്തിൽ ഭാരതീയം ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ പൂജപ്പുര നൃത്താലയ ആശുപത്രിയിൽ ആന്റി സിക്കാ വൈറസ് ക്യാമ്പയിൻ സംഘടിപ്പിച്ചു.തിരുവനന്തപുരം ജില്ലയിലെ ഏഴ് ആശുപത്രികളിൽ നടത്തുന്ന ശുചീകരണ പ്രവർത്തനങ്ങളുടെ ജില്ലാതല ഉത്ഘാടനം പ്രമുഖ ആർക്കിടെക്ക് പത്മശ്രീ.ശങ്കർ നിർവഹിച്ചു. ഭാരതീയം ട്രസ്റ്റ് ചെയർമാൻ ശ്രീ. കരമന ജയൻ അദ്ധ്യക്ഷനായിരുന്ന പരിപാടിയിൽ ആന്റി സിക്കാ വൈറസ് ക്യാമ്പയിനിന്റെ ലോഗോ വാർഡ് കൗൺസിലർ വി.വി.രാജേഷ് പ്രകാശനം ചെയ്തു. ഭാരതീയം ട്രസ്റ്റ് പ്രധിരോധ പ്രവർത്തനങ്ങൾക്കായി നൽകിയ വസ്തുക്കൾ ആശുപത്രി സൂപ്രണ്ട് ഡോ.അനിൽകുമാർ ഏറ്റുവാങ്ങി. തുടർന്ന് ഭാരതീയം ട്രസ്റ്റ് വോളണ്ടിയർമാർ ആശുപത്രി പരിസരവും കെട്ടിടങ്ങളും ഫോഗിങ്ങും സാനിട്ടൈസിങ്ങും ചെയ്തു അണുവിമുക്തമാക്കി. വരും ദിവസങ്ങളിൽ കൂടുതൽ ആശുപത്രികളിലേക്ക് പ്രധിരോധ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുമെന്ന് ട്രസ്റ്റ് ചെയർമാൻ ശ്രീ. കരമന ജയൻ അറിയിച്ചു.

# വെള്ളിയാഴ്ച 19,948 പേർക്ക് കോവിഡ്; 19,480 പേർ രോഗമുക്തി നേടി

കേരളത്തിൽ വെള്ളിയാഴ്ച 19,948 പേർക്ക് കോവിഡ് 19 സ്ഥിരീകരിച്ചു. മലപ്പുറം 3417, എറണാകുളം 2310, തൃശൂർ 2167, കോഴിക്കോട് 2135, പാലക്കാട് 2031, കൊല്ലം 1301, ആലപ്പുഴ 1167, തിരുവനന്തപുരം 1070, കണ്ണൂർ 993, കോട്ടയം 963, കാസർഗോഡ് 738, പത്തനംതിട്ട 675, വയനാട് 548, ഇടുക്കി 433 എന്നിങ്ങനെയാണ് ജില്ലകളിൽ രോഗം സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 1,51,892 സാമ്പിളുകളാണ് പരിശോധിച്ചത്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 13.13 ആണ്. റുട്ടീൻ സാമ്പിൾ, സെന്റിനൽ സാമ്പിൾ, സിബി നാറ്റ്, ട്രൂനാറ്റ്, പി.ഒ.സി.ടി. പി.സി.ആർ., ആർ.ടി. എൽ.എ.എം.പി., ആന്റിജൻ പരിശോധന എന്നിവ ഉൾപ്പെടെ ഇതുവരെ 2,82,27,419 ആകെ സാമ്പിളുകളാണ് പരിശോധിച്ചത്.

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 187 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതോടെ ആകെ മരണം 17,515 ആയി.

രോഗം സ്ഥിരീകരിച്ചവരിൽ 97 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 18,744 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 996 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. മലപ്പുറം 3307, എറണാകുളം 2267, തൃശൂർ 2150, കോഴിക്കോട് 2090, പാലക്കാട് 1384, കൊല്ലം 1295, ആലപ്പുഴ 1144, തിരുവനന്തപുരം 998, കണ്ണൂർ 885, കോട്ടയം 908, കാസർഗോഡ് 726, പത്തനംതിട്ട 656, വയനാട് 539, ഇടുക്കി 425 എന്നിങ്ങനെയാണ് സമ്പർക്കത്തിലൂടെ രോഗം ബാധിച്ചത്.

81 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്. കണ്ണൂർ 17, പാലക്കാട്, കാസർഗോഡ് 9 വീതം, തിരുവനന്തപുരം 8, തൃശൂർ 7, പത്തനംതിട്ട 6, എറണാകുളം, കോഴിക്കോട്, വയനാട് 5 വീതം, കൊല്ലം 4, ആലപ്പുഴ, കോട്ടയം 3 വീതം ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 19,480 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 1175, കൊല്ലം 2055, പത്തനംതിട്ട 267, ആലപ്പുഴ 1294, കോട്ടയം 993, ഇടുക്കി 387, എറണാകുളം 1353, തൃശൂർ 2584, പാലക്കാട് 1641, മലപ്പുറം 3674, കോഴിക്കോട് 1270, വയനാട് 239, കണ്ണൂർ 1356, കാസർഗോഡ് 1192 എന്നിങ്ങനെയാണ് രോഗമുക്തിയായത്. ഇതോടെ 1,78,204 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 33,17,314 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 4,87,492 പേരാണ് നിരീക്ഷണത്തിലുള്ളത്. ഇവരിൽ 4,58,397 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റീനിലും 29,095 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 2326 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ അടിസ്ഥാനമാക്കി തദ്ദേശസ്വയംഭരണ പ്രദേശങ്ങളെ തരംതിരിച്ചിട്ടുണ്ട്. 52 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 266 വാർഡുകളാണ് ഡബ്ല്യു.ഐ.പി.ആർ. 10ന് മുകളിലുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

# മുൻഗണന റേഷൻ കാർഡുകളുടെ വിതരണം ആരംഭിച്ചു

സംസ്ഥാനത്ത് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വച്ചിരിക്കുന്നവർ തിരിച്ചേൽപ്പിച്ച സാഹചര്യത്തിൽ അർഹരായവർക്ക് പുതിയ മുൻഗണന റേഷൻ കാർഡുകൾ നൽകാൻ നടപടികൾ തുടങ്ങി. ക്യാൻസർ, കിഡ്നി രോഗം തുടങ്ങി ഗുരുതരാവസ്ഥയിലുള്ളവർക്കും നിരാലംബർക്കും ആണ് ആദ്യഘട്ടത്തിൽ മുൻഗണനാ റേഷൻ കാർഡുകൾ നൽകുന്നത്. ആഗസ്റ്റ് 20നകം ഈ വിഭാഗത്തിലുള്ളവർക്ക് മുൻഗണനാകാർഡ് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാൻ ഭക്ഷ്യപൊതുവിതരണ വകുപ്പിന് നിർദ്ദേശം നൽകിയതായി മന്ത്രി ജി.ആർ.അനിൽ അറിയിച്ചു. പുതിയ മുൻഗണന കാർഡുകൾ നൽകുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജില്ലയിലെ ഫിലോമിന(പൂന്തുറ), ജെ.ശ്യാമള കുമാരി(മുട്ടട), മധുരാധ(മുരുക്കുംപുഴ), ശ്രീലത.പി(പഴകുറ്റി), രേഷ്മ.യു, കോട്ടൂർ എന്നിവർക്ക് നൽകി മന്ത്രി നിർവഹിച്ചു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് ഡയറക്ടർ ഡോ.സജിത്ത് ബാബു ചടങ്ങിൽ സംബന്ധിച്ചു.

# ട്രൈബ്യൂണലിൽ ക്ലാർക്ക് ഒഴിവ്

തിരുവനന്തപുരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണലിന്റെ ഓഫീസിൽ ക്ലർക്ക് തസ്തികയിൽ ഡെപ്യൂട്ടേഷൻ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. സർക്കാർ വകുപ്പുകളിൽ സമാന തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കാം. താല്പര്യമുള്ളവർ ഫോം 144 കെ.എസ്.ആർ പാർട്ട്1, നിരാക്ഷേപ സർട്ടിഫിക്കറ്റ് എന്നിവ സഹിതം മേലധികാരി മുഖേന സെക്രട്ടറി, ട്രൈബ്യൂണൽ ഫോർ ലോക്കൽ സെൽഫ് ഗവൺമെന്റ് ഇൻസ്റ്റിറ്റിയൂഷൻസ്, ശ്രീമൂലം ബിൽഡിംഗ്സ്, കോടതി സമുച്ചയം, വഞ്ചിയൂർ, തിരുവനന്തപുരം 695035 എന്ന വിലാസത്തിൽ 31 ന് മുമ്പ് അപേക്ഷ അയയ്ക്കണം.

# ഇന്ത്യ ചൈന സേനകൾ പിന്മാറി

ന്യൂഡൽഹി : ഇന്ത്യയും ചൈനയും തമ്മിൽ സംഘർഷം നിലനിന്നിരുന്ന കിഴക്കൻ ലഡാക്കിലെ ഗോഗ്ര മേഖലയിൽ നിന്നു ഇരുരാജ്യങ്ങളുടേയും സേനകൾ പിന്മാറി. ഇവിടെ യഥാർഥ നിയന്ത്രണരേഖ (എൽഎസി) പുനഃസ്ഥാപിച്ചതായി കേന്ദ്രസർക്കാർ വെള്ളിയാഴ്ച വ്യക്തമാക്കി.

പ്രദേശത്തെ താൽക്കാലിക നിർമാണങ്ങൾ പൊളിച്ചു നീക്കിയതായും സർക്കാർ അറിയിച്ചു. അതിർത്തിയിലെ സംഘർഷത്തിനു പരിഹാരം തേടി ഇന്ത്യ, ചൈന സേനാ കമാൻഡർമാർ തമ്മിൽ കഴിഞ്ഞ ആഴ്ച നടത്തിയ 12 ാം വട്ട കൂടിക്കാഴ്ചയ്ക്കു പിന്നാലെയാണ് നിർണായക നടപടി.

നിലവിൽ ഡെപ്സങ്, ഗോഗ്ര, ഹോട്ട് സ്പ്രിങ്സ് എന്നിവിടങ്ങളിലാണ് ഇരുസേനകളും നേർക്കുനേർ നിലയുറപ്പിച്ചിരുന്നത്. ഇതിൽ ഗ്രോഗ്ര മേഖലയിൽ നിന്നു മാത്രമാണ് സേനാ പിന്മാറ്റം. ഓഗസ്റ്റ് 4, 5 തീയതികളിലായായിരുന്നു നടപടി.

ഹോട്ട് സ്പ്രിങ്ങിൽനിന്നും ചൈനീസ് സേന പൂർണമായി പിന്മാറണമെന്ന് കൂടിക്കാഴ്ചയിൽ ഇന്ത്യ ആവശ്യപ്പെട്ടിരുന്നു. ഡെപ്സങ്ങിലെ സേനാ പിൻമാറ്റം ചർച്ചയായിരുന്നില്ല. ജൂലൈ 31ന് അതിർത്തിയിൽ ചൈനയുടെ ഭാഗത്തുള്ള മോൾഡോയിൽ നടന്ന കൂടിക്കാഴ്ചയിൽ ലേ ആസ്ഥാനമായുള്ള 14–ാം കോർ മേധാവിയും മലയാളിയുമായ ലഫ്. ജനറൽ പി.ജി.കെ. മേനോനാണ് ഇന്ത്യൻ സംഘത്തെ നയിച്ചത്

# ക്യാഷ് അവാർഡ് വിതരണം 10ന്

201718, 201819 വർഷങ്ങളിൽ ദേശീയ അന്തർദേശീയ മത്സരങ്ങളിൽ വിജയിച്ച കായിക താരങ്ങൾക്കുള്ള ക്യാഷ് അവാർഡ്, ദേശീയ വോളീബോൾ ചാമ്പ്യൻഷിപ്പിൽ വനിതാ വിഭാഗം ജേതാക്കളായ കേരള ടീമംഗങ്ങൾക്കുള്ള ക്യാഷ് അവാർഡ് എന്നിവ 10ന് വൈകുന്നേരം 4.30ന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിലെ ബാസ്ക്കറ്റ്ബോൾ കോർട്ടിൽ മന്ത്രി വി.അബ്ദുറഹ്മാൻ വിതരണം ചെയ്യും. കോവിഡ് പശ്ചാത്തലത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത 15 കായികതാരങ്ങൾക്കാണ് അവാർഡ് വിതരണം ചെയ്യുന്നത്. മറ്റ് കായികതാരങ്ങൾക്കുള്ള ക്യാഷ് അവാർഡ് അതത് ജില്ലകളിൽ വിതരണം ചെയ്യും.

# ജനകീയാസൂത്രണ രജതജൂബിലി ആഘോഷം; മൊമന്റോ മാതൃക ക്ഷണിക്കുന്നു

തിരുവനന്തപുരം: കേരളത്തിന്റെ സാമൂഹ്യ വികാസചരിത്രത്തിലെ നാഴികക്കല്ലായ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികത്തിനു വേണ്ടിയുള്ള മൊമന്റോ മാതൃക ക്ഷണിക്കുന്നു. ജനകീയാസൂത്രണത്തിന്റെ ആരംഭഘട്ടം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജനപ്രതിനിധികളായവരെയും അധ്യക്ഷൻമാരെയും മികച്ച ഇടപെടലുകൾ നടത്തിയ ഉദ്യോഗസ്ഥരെയും ആദരിക്കുന്നതിനാണ് മൊമെന്റോ. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ചരിത്രവും പ്രസക്തിയും അനാവരണം ചെയ്യപ്പെടുന്ന മൗലികമായ സൃഷ്ടികളാവണം അയക്കേണ്ടത്. ഒരാൾക്ക് ഒരു മാതൃകയാണ് അയക്കാനാവുക. എട്ടിന് മുൻപായി ശിളീ@സശഹമ.മര.ശി എന്ന മെയിൽ ഐഡിയിലേക്ക് സൃഷ്ടികൾ അയക്കേണ്ടതാണ്.

# സീനിയർ റസിഡന്റ് ഒഴിവ്

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ എമർജൻസി മെഡിസിൻ വിഭാഗത്തിൽ സീനിയർ റസിഡന്റ് തസ്തികയിൽ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. നാല് ഒഴിവുകളുണ്ട്. എമർജൻസി മെഡിസിൻ വിഭാഗത്തിലുള്ള പി.ജി ആണ് യോഗ്യത. ഈ വിഷയത്തിൽ പി.ജി ഉള്ളവരുടെ അഭാവത്തിൽ മെഡിസിൻ / ജനറൽ സർജറി / പൾമണറി മെഡിസിൻ / അനസ്തേഷ്യ / ഓർത്തോപീഡിക്സ് വിഭാഗത്തിൽ പി.ജി ഉള്ളവരെയും പരിഗണിക്കും. റ്റി.സി.എം.സി രജിസ്ട്രേഷൻ ഉണ്ടായിരിക്കണം. 70,000 രൂപയാണ് പ്രതിമാസ വേതനം. ഒരു വർഷമാണ് കരാർ കാലാവധി. ജനനതീയതി, വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം എന്നിവ തെളിയിക്കുന്ന സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം അപേക്ഷകൾ 10 ന് വൈകുന്നേരം അഞ്ച് മണിക്കു മുമ്പ് തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ ലഭിക്കണം

# വൈദ്യുതി ഉപഭോക്താക്കൾക്കുള്ള ആശ്വാസ പദ്ധതികൾ: അഭിപ്രായങ്ങൾ അറിയിക്കാം

കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ വൈദ്യുതി ഉപഭോക്താക്കൾക്ക് പ്രഖ്യാപിച്ച ആശ്വാസ പദ്ധതികൾ നടപ്പാക്കാൻ വേണ്ടിയുള്ള പെറ്റീഷനിൽ (ഒ.പി നം: 34/2021) അഭിപ്രായങ്ങളും നിർദേശങ്ങളും സമർപ്പിക്കാം.

പെറ്റീഷനിൽ ജനങ്ങളുടെയും ബന്ധപ്പെട്ടവരുടെയും അഭിപ്രായങ്ങളും നിർദേശങ്ങളും തപാൽ മാർഗമോ, ഇമെയിൽ (സെക്യൃര@ല്യൃരസല്യമഹമ.ീൃഴ) മുഖേനയോ ആഗസ്റ്റ് ഒമ്പതിന് മുമ്പ് കമ്മീഷൻ ഓഫീസിൽ സമർപ്പിക്കണം. പെറ്റീഷൻ കമ്മീഷന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

പെറ്റീഷനിലുള്ള പൊതു തെളിവെടുപ്പ് ഈ മാസം 11ന് വീഡിയോ കോൺഫറൻസിൽ നടത്തും. പങ്കെടുക്കാൻ താത്പര്യമുള്ള ഉപഭോക്താക്കളും പൊതുജനങ്ങളും ഒമ്പതിന് മുമ്പ് ഫോൺ നമ്പർ സഹിതം സെക്യൃര@ല്യൃരസല്യമഹമ.ീൃഴ എന്ന ഇമെയിൽ വഴി സെക്രട്ടറിയെ അറിയിക്കണം. വീഡിയോ കോൺഫറൻസിനുള്ള സമയക്രമവും ലിങ്കും ഇ മെയിൽ വഴി പൊതു തെളിവെടുപ്പിന് മുമ്പ് അറിയിക്കും.

# ഫസ്റ്റ്ബെല്ലിൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്

കൈറ്റ് വിക്ടേഴ്സിലെ ഫസ്റ്റ്ബെല്ലിൽ ആഗസ്റ്റ് ഏഴിന് 8, 9, 10 ക്ലാസുകളിലെ സോഷ്യൽസയൻസ്, ഫിസിക്സ്, ബയോളജി, കെമിസ്ട്രി ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ സംപ്രേക്ഷണം ചെയ്യും. പൊതുക്ലാസുകളുടെ വിവർത്തനമല്ല ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ. പൊതുവിഭാഗം ക്ലാസുകൾ കാണുന്ന ഇംഗ്ലീഷ് മീഡിയം വിഭാഗത്തിലെ കുട്ടികൾക്ക് ഒരു വർഷത്തിലെ നിശ്ചിത എണ്ണം ക്ലാസുകൾ കണ്ടതിന് ശേഷം അതിന്റെ സംഗ്രഹം പൂർണമായും ഇംഗ്ലീഷിൽ കാണാനുള്ള അവസരമാണ് ഒരുക്കിയിട്ടുള്ളത്. ഇത് മലയാളം മീഡിയം കുട്ടികൾക്കും പ്രയോജനപ്രദമാകും. ഞായറാഴ്ച ക്ലാസുകൾ ഉണ്ടായിരിക്കില്ല. ഇംഗ്ലീഷ് മീഡിയം ക്ലാസുകളും ഭാഷാ വിഷയങ്ങളും പ്ലസ് വൺ റിവിഷൻ ക്ലാസുകളും ഓഡിയോ ബുക്കുകളുമെല്ലാം ഠഠഠ.ളശൃെയേലഹഹ.സശലേ.സല്യമഹമ.ഴീ.ശി ൽ ലഭ്യമാണ്.

# ഒളിമ്പിക്സ് വനിതാ ഹോക്കി താരത്തിന്റെ കുടുംബത്തിന് ജാതീയ അധിക്ഷേപം: കമ്മീഷൻ പ്രതിഷേധിച്ചു

ടോക്കിയോ ഒളിമ്പിക്സിൽ ഇന്ത്യൻ വനിതാ ഹോക്കി ടീമിനെ സെമിഫൈനൽ വരെ എത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച് രാജ്യത്തിന്റെ യശസ്സ് ഉയർത്തിയ ഹരിദ്വാർ സ്വദേശിയായ വന്ദന കതാരിയയുടെ കുടുംബത്തിന് ജാതീയ അധിക്ഷേപം നേരിട്ട സംഭവത്തിൽ പട്ടികജാതി പട്ടികഗോത്രവർഗ കമ്മീഷൻ പ്രതിഷേധം രേഖപ്പെടുത്തി. ഇത്തരം പ്രവർത്തികൾ പരിഷ്കൃത സമൂഹത്തിന് യോജിച്ചതല്ല. മഹത്തായ സാംസ്കാരിക പാരമ്പര്യത്തിന് വിരുദ്ധവുമാണ്. ഇത്തരം ജാതി ചിന്തകൾക്കെതിരെ സമൂഹം ഒറ്റക്കെട്ടായി പ്രതികരിക്കണമെന്ന് കമ്മീഷൻ അഭ്യർത്ഥിച്ചു.



കണ്ണൂരിലെ കേരള ക്ളെയ്സ് ആന്റ് സിറാമിക് പ്രോഡക്ട് ലിമിറ്റഡ് പുറത്തിറക്കിയ സാനിറ്റൈസറിന്റെ ഉദ്ഘാടനം വ്യവസായ മന്ത്രി പി. രാജീവ് നിർവഹിക്കുന്നു



റസ്കോ മോഡൽ സൗരോർജ പദ്ധതിയുടെ നിർമാണവുമായി ബന്ധപ്പെട്ട് അനർട്ടും റബ്കോയും തമ്മിലുള്ള ധാരണാപത്രം മന്ത്രിമാരായ കെ. കൃഷ്ണൻകുട്ടി, വി. എൻ. വാസവൻ എന്നിവരുടെ സാന്നിധ്യത്തിൽ ഒപ്പുവയ്ക്കുന്നു

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.